ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ ഈ ഉപധാനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ചെലവുകൾ നടത്താൻ അറിയാത്ത ഒരു സർക്കാരാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ ദാരിദ്ര്യത്തിൽ വസിക്കുന്ന ആളുകളെ ദരിദ്രവാസികൾ എന്നുവിളിക്കും. കയ്യിൽ കാശില്ലാത്തവരെയല്ല അങ്ങനെ വിളിക്കുന്നത്. കയ്യിൽ ആവശ്യത്തിന് പണമുണ്ടെങ്കിലും ദാരിദ്ര്യം ഭാവിച്ച് അത്യാവശ്യ കാര്യങ്ങൾക്കുപോലും ചെലവ് നടത്താത്ത നാട്ടിൻപുറത്തെ ദരിദ്ര്യവാസികളുടെ റോളിലാണ് കേരളത്തിലെ സർക്കാർ ഇപ്പോൾ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ 3,500 കോടി രൂപ ട്രഷറിയിൽ മിച്ചം വച്ചുവെന്നാണ് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ ധവളപത്രത്തിൽ പറയുന്നത്. 2012-2013-ലേയ്ക്കുള്ള അധികവിഭവ സമാഹരണം 1,500 കോടി രൂപയുണ്ട്. പെൻഷൻ ഏകീകരണം എടുത്തുമാറ്റി പെൻഷൻ പ്രായം 56 വയസ്സായി വർദ്ധിപ്പിച്ചതുമൂലം മാണിസാറിന്റെ കയ്യിൽ 2,500 കോടി രൂപയെങ്കിലും അധികമായി ലഭിച്ചിട്ടുണ്ടാകും. ഒരു രൂപ നിരക്കിലുള്ള അരി 12 ലക്ഷം കുടുംബങ്ങൾക്കായി പരിമിതപ്പെടുത്തിയതുകൊണ്ട് 48 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി കൊടുത്തതിനേക്കാൾ ലാഭമായി, 200 കോടി രൂപയോളം അങ്ങനെയും ലാഭിച്ചു. ഈ പണമെല്ലാം കൈവശം വച്ചിട്ടും അത്യാവശ്യ കാര്യങ്ങൾക്ക് പണമില്ല, പണമില്ലായെന്ന് വിലപിക്കുന്ന റോളിലാണ് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. അടുത്ത നാല് കൊല്ലം കൂടി ഇങ്ങനെ പണം കൈവശം കിട്ടണമെന്ന് ആഗ്രഹിച്ചുകൊണ്ടാണ് പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടക്കുന്നത്. പെൻഷൻ പ്രായം വർദ്ധിപ്പിച്ചാൽ ഓരോ കൊല്ലവും 3,000 കോടി രൂപ കയ്യിൽ ലഭിക്കുമെന്നുള്ള ഒരു കണക്കുകൂട്ടലിലാണ് ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. കർഷക പെൻഷൻ

കൊടുത്തിട്ട് എത്ര മാസങ്ങളായി? ഈ സർക്കാർ, പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ പാർട്ടി കർഷക ആഭിമുഖ്യ പാർട്ടി എന്നവകാശപ്പെടുമ്പോൾ പാവപ്പെട്ട കർഷകന് പെൻഷൻ ലഭിച്ചിട്ട് മാസങ്ങളായി. ക്ഷേമ പെൻഷനുകളെല്ലാം മുടങ്ങിക്കിടക്കുകയാണ്. കർഷകന്റെ കയ്യിൽ നിന്ന് വാങ്ങിയ നെല്ലിന്റെ വില കൊടുക്കാൻപോലും മാസങ്ങൾ കഴിഞ്ഞിട്ടും സാധിച്ചിട്ടില്ല. നെല്ലിന്റെ വില സർക്കാർ നൽകണമെന്ന് ഞാൻ പറയുന്നില്ല. നെല്ല് സംഭരിച്ചെടുത്ത് അരിയാക്കി വിറ്റ്, അത് കടകളിൽ എത്തിയതിനുശേഷം അവിടെനിന്ന് അത് ഉപഭോക്താവ് വാങ്ങിക്കൊണ്ടുപോയി, അരി ഭക്ഷണം കഴിച്ചതിനുശേഷം അത് സെപ്റ്റിക് ടാങ്കിലെത്തിയാൽപോലും നെല്ല് ഉൽപ്പാദിപ്പിച്ച കർഷകന് നെല്ലിന്റെ വില ലഭിക്കാത്ത അവസ്ഥ ഈ സംസ്ഥാനത്ത് അഞ്ചാറ് മാസങ്ങളായി നിലനിൽക്കുകയാണ്. പണമില്ലാ, പണമില്ലായെന്ന് പറഞ്ഞുകൊണ്ട് ഒരു കാര്യങ്ങളും നടത്താത്ത സർക്കാരാണിത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. എം. ഹംസയുടെ നക്ഷത്ര ചിഹ്നമിടാത്ത 140-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ സർക്കാർ 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകപോലും ചെലവഴിക്കുന്നതിൽ വലിയ വീഴ്ച വരുത്തിയിരിക്കുകയാണ്. ശുദ്ധജല വിതരണവും ശുചീകരണവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പാർട്ടിക്കാരൻതന്നെ കൈകാര്യം ചെയ്യുന്ന വകുപ്പാണ്. ഈ സംസ്ഥാനത്ത് പലയിടത്തും ശുദ്ധജലം ലഭിക്കുന്നില്ല. അവിടെ ഓഗ്മെന്റ് വിപുലീകരണ പദ്ധതികളുണ്ടാകണം. എ.ജി.-യുടെ താൽക്കാലിക കണക്ക് പ്രകാരം ചെലവഴിച്ചിരിക്കുന്ന തുക 62 ശതമാനം മാത്രമാണ്. 432 കോടി രൂപ സംസ്ഥാനത്തെ ബഡ്ജറ്റിൽ വകയിരുത്തി ഈ സംസ്ഥാന നിയമസഭ അനുവദിച്ചുകൊടുത്തത് ചെലവഴിക്കാതിരിക്കുകയാണ്. ധനാഭ്യർത്ഥന നമ്പർ തത-ൽ പ്ലാൻ തുകയും നോൺ പ്ലാൻ തുകയുമടക്കം ആകെ 1,137 കോടി രൂപ അനുവദിച്ചെങ്കിലും 705 കോടി

രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കിയുള്ള 432 കോടി രൂപ ചെലവഴിച്ചിട്ടില്ല. ഈ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് മാലിന്യപ്രശ്നം. ആ മാലിന്യപ്രശ്നത്തെ അഡ്രസ് ചെയ്യുവാനുള്ള ഉത്തരവാദിത്വം നഗരസഭകൾക്കുള്ളതാണ്. ഗവൺമെന്റ് എല്ലാ സഹായവും അതിനായി ചെയ്തുകൊടുക്കുകയാണ്. പക്ഷേ നഗരവികസനത്തിന് (ധനാഭ്യർത്ഥന നമ്പർ തതകക) പ്ലാൻ ഫണ്ടിലും നോൺ പ്ലാൻ ഫണ്ടിലുമായി 736 കോടി രൂപ അനുവദിച്ചതിൽ 364 കോടി രൂപ മാത്രം ചെലവഴിച്ചിരിക്കുന്നു.. ബാക്കി 371 കോടി രൂപ ചെലവഴിക്കാതെ വിട്ടിരിക്കുന്നു. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് 42 ശതമാനം മാത്രമാണ് ചെലവ്. അതിൽ 188 കോടി രൂപ ചെലവഴിക്കാതിരിക്കുന്നു. മുൻ കൃഷി വകുപ്പുമന്ത്രി ഇവിടെ ഉണ്ടായിരുന്നു. കൃഷി വകുപ്പിലാണ് ഏറ്റവുമധികം പദ്ധതികളുള്ളത്. ആ കൃഷി വകുപ്പിലെ ചെലവ് (ധനാഭ്യർത്ഥന നമ്പർ തതകത) 82 ശതമാനമാണ്. 18 ശതമാനമെന്ന് പറഞ്ഞാൽ 319.9, അതായത് 320 കോടി രൂപ കൃഷി വകുപ്പ് 2011-2012 സാമ്പത്തിക വർഷം ചെലവഴിക്കാതെ ലാപ്സാക്കിയിരിക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തി സംസ്ഥാന നിയമസഭ അധികാരപ്പെടുത്തിയ 320 കോടി രൂപ കൃഷി വകുപ്പ് ചെലവഴിക്കാതെ വിട്ടിരിക്കുകയാണ്. ചെലവ് നടത്താനറിയാത്ത ഒരു സർക്കാരാണിത്. ജലസേചന മേഖലയിലാണ് ഏറ്റവും കുറഞ്ഞ ചെലവ്. അവിടെ 35 ശതമാനം മാത്രമേ ചെലവുള്ളൂ. 692 കോടി രൂപയാണ് ചെലവഴിക്കാതെ വിട്ടിരിക്കുന്നത്. ഇങ്ങനെ ഓരോ ധനാഭ്യർത്ഥനയുടെയും കാര്യമെടുത്താൽ എന്റെ സമയം നീണ്ടുപോകും. എനിക്ക് വളരെ കുറച്ച് സമയം മാത്രമേയുള്ളൂ. ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തി സംസ്ഥാന നിയമസഭ അധികാരപ്പെടുത്തി കൊടുത്തതിനു ശേഷവും ചെലവ് നടത്തുവാൻ സാധിക്കാത്ത, കയ്യിൽ പണമുണ്ടെങ്കിലും പണമില്ലെന്ന് വിലപിച്ചുകൊണ്ട് ഒരു ചെലവും നടത്താത്ത ഒരു സർക്കാ

രാണ് ഇന്ന് സംസ്ഥാനം ഭരിക്കുന്നത് എന്നതിന് ഇതിൽ കൂടുതൽ തെളിവ് വേണോ? പദ്ധതി പണം ചെലവഴിക്കുന്നതിൽ വേഗം പോരായെന്ന് 28-4-2012-ലെ മാതൃഭൂമി പത്രത്തിൽ മുഖ്യമന്ത്രിതന്നെ വിലയിരുത്തിയിട്ടുണ്ട്. പദ്ധതി പണം മാത്രമല്ല, നോൺ പ്ലാനും ചെലവഴിക്കുന്നില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. എല്ലാ തരത്തിലും ചെലവ് നടത്താതിരിക്കുകയാണ്. അതുകൊണ്ട് എന്താണ് സംഭവിക്കുന്നത്? പാവപ്പെട്ട കർഷകത്തൊഴിലാളി പെൻഷൻ മാത്രല്ല, ക്ഷേമ പെൻഷനുകൾ മാത്രമല്ല, പൊതുമരാമത്തിലെ കോൺട്രാക്ടേഴ്സിന് കൊടുക്കാനുള്ള ഏഴ് മാസത്തെ കുടിശ്ശിക ബാക്കിയുണ്ട്. ഇന്ന് ബില്ല് സബ്മിറ്റ് ചെയ്താൽ നാളെ പണം ലഭിക്കുന്ന ഒരവസ്ഥയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിച്ചിരുന്നപ്പോഴുണ്ടായിരുന്നത്. അതുകൊണ്ട് എന്തുണ്ടായി? കരാർ ജോലിക്കുള്ള എസ്കലേഷൻ കുറഞ്ഞുവന്നു. എസ്റ്റിമേറ്റ് തുകയിൽതന്നെ ചിലപ്പോൾ മൈനസിൽപ്പോലും കരാറുകൾ, മരാമത്തുപണികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറായി. ഒരു കൊല്ലംകൊണ്ട് സർക്കാരുണ്ടാക്കിയ നേട്ടമെന്നു പറയുന്നത്, എഴുമാസത്തെ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ഇതാണ് ഇവിടത്തെ സ്ഥിതി. പണം ഒന്നിനും തികയാതിരിക്കുകയാണ്. നമ്മുടെ നാട്ടിലെ ഗതാഗത സംവിധാനം വർദ്ധിപ്പിക്കണമെന്ന് എല്ലാവരും ആവശ്യപ്പെട്ടു. അക്കാര്യം ഇന്ന് രാവിലെയും ചോദ്യോത്തര വേളയിൽ വന്നതാണ്. ഇവിടെ വാഹനങ്ങളുടെ എണ്ണം പെരുകുകയാണ്. എനിക്ക് കുറച്ചു നാൾ ഗതാഗത വകുപ്പിന്റെ ചുമതലയുണ്ടായിരുന്നു. ഞാൻ മന്ത്രിയായി ചുമതല ഏറ്റെടുത്ത 2006-ൽ 32 ലക്ഷം വാഹനങ്ങളാണുണ്ടായിരുന്നത്. ആറ് വർഷക്കാലംകൊണ്ട് 32 ലക്ഷത്തിൽനിന്ന് 72 ലക്ഷമായി വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ഇവിടത്തെ നിരത്തുകൾ മെച്ചപ്പെടണം. കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിക്ക് 2,900 കോടി രൂപ വേണം. ലോകബാങ്കിൽ 690 കോടി രൂപയേ ഇതിനുള്ളൂ. ഇതിനായി പണം

ചെലവഴിക്കേണ്ടേ? നമ്മുടെ കയ്യിൽ പണമുണ്ടല്ലോ. ദേശീയ പാത വികസനം പണമില്ലാത്തതിന്റെ പേരിൽ സ്ഥലമെടുപ്പ് നടക്കാതെ വഴിമുട്ടി കിടക്കുകയാണ്. ഇതുപോലെ എല്ലാ മേഖലകളിലും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ദിവസം നിയമസഭയിലുണ്ടായ ഒരു പൊതു വികാരം, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നമ്മുടെ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തണം. കൂടുതൽ ആർ.ടി. ഓഫീസുകളും വേണം. 2006-ൽ 800 കോടി രൂപ മാത്രമാണ് വാഹന നികുതിയിലൂടെ ലഭിച്ചിരുന്നതെങ്കിൽ 1587 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം വാഹന നികുതിയിൽ നിന്നുള്ള വരവ്. അത് അഞ്ച് കൊല്ലം കൊണ്ട് ഇരട്ടിയായിട്ടുണ്ട്. ഈ വകുപ്പ് എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ തൊട്ടടുത്ത് നിൽക്കുകയാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിന് 1883 കോടി രൂപയേ ഉള്ളൂ. ഈ ഡിപ്പാർട്ടുമെന്റിനെ കൂടുതൽ സജ്ജമാക്കുവാൻ, കൂടുതൽ കാര്യക്ഷമമാക്കുവാൻവേണ്ട പണം ധനകാര്യവകുപ്പിൽ നിന്ന് അനുവദിച്ചുതരണമെന്ന് ഗതാഗത വകുപ്പുമന്ത്രി ഈ സഭയിൽ പറയുമ്പോഴും കേരളത്തിലെ സാമ്പത്തിക നില ഭദ്രമല്ലായെന്ന് പറഞ്ഞ് ധനകാര്യ വകുപ്പുമന്ത്രി ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. ഇന്ന് ആ വകുപ്പ് നിലനിൽക്കുന്നത് റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ടിൽ നിന്നാണ്, അതായത് ഒരു വാഹനം വാങ്ങുമ്പോൾ വൺ ടൈം സെസ്സ് പിരിച്ചതിന്റെ ഫലമായി 176 കോടി രൂപ കൈവശമുണ്ട്. അതുകൊണ്ടാണ് എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ നടത്തുന്നത്. നമുക്ക് ഇക്കാര്യങ്ങളിൽ ചെലവഴിക്കാനുള്ള പണമില്ലാത്ത അവസ്ഥ വന്നിരിക്കുകയാണ്. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ നിയമമാണ്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ പ്രധാനപ്പെട്ട ഒരു വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കുട്ടനാട് പാക്കേജിനെ ജലസേചന വകുപ്പ് വിഴുങ്ങുന്നുവെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ജൂലൈ മാസം 24-ാം തീയതിക്ക് ഒരു പ്രത്യേകയുണ്ട്. കേന്ദ്ര ഗവൺമെന്റ് കുട്ടനാട് പാക്കേജിന്

അനുമതി നൽകിയിട്ട് നാല് വർഷം തികയുന്ന ദിവസമാണിന്ന്. 1840 കോടി രൂപയുടെ പാക്കേജിനാണ് അന്ന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം കിട്ടിയത്. അതിന് ഈ ഗവൺമെന്റിനെ മാത്രം കുറ്റപ്പെടുത്തുന്നില്ല. കുറേ കാലഘട്ടത്തിൽ ഞങ്ങളുടെ ഗവൺമെന്റുമുണ്ടായിരുന്നു. പക്ഷേ ഈ മൂന്നുകൊല്ലംകൊണ്ട് ചെലവഴിക്കാൻ കഴിഞ്ഞ് വെറും 115 കോടി രൂപയാണ്. ഇപ്പോഴുള്ള പ്രശ്നം 2008-ൽ അനുവദിച്ച റേറ്റ് പ്രകാരം ഇന്ന് പണികൾ നടത്താൻ കഴിയില്ല. കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും പങ്കെടുത്ത യോഗത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. ഇന്നിപ്പോൾ ആ പ്രവൃത്തികൾ ഏറ്റെടുക്കണമെങ്കിൽ 4247 കോടി രൂപവേണം. എന്നാൽ അതിന്റെ 75 ശതമാനം കേന്ദ്ര ഗവൺമെന്റും 25 ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയാണെങ്കിൽ സംസ്ഥാനഗവൺമെന്റിന് അതിന്റെ മാച്ചിംഗ് ഗ്രാന്റ് കൊടുത്ത് കുട്ടനാട് പാക്കേജുമായി മുന്നോട്ടുപോകാൻ കഴിയുമോ? ഇവിടെ ജലവിഭവ വകുപ്പിന്റെ വെള്ളപ്പൊക്കനിവാരണ പദ്ധതിയിൽ അനുവദിച്ച 1840 കോടി രൂപയിൽ ചെലവഴിച്ചത് 796 കോടി രൂപ മാത്രമായിരുന്നു. പക്ഷേ ഇപ്പോൾ പരിഷ്കരിച്ചു വന്നിരിക്കുന്നത് 3694 കോടി രൂപയാണ്. അതിനുപറയുന്ന കാരണം ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ ഉണ്ടായ പരിഷ്കരണമാണെന്നാണ്. 2008-നുശേഷം രണ്ടു തവണ എസ്.ഒ.ആർ. പരിഷ്കരണമുണ്ടായി. പക്ഷേ, ഈ രണ്ടുതവണയുണ്ടായ പരിഷ്കരണത്തിലൂടെ റേറ്റുകൾ 500 ശതമാനം വർദ്ധിക്കുന്ന തരത്തിലുള്ള പുതിയൊരു പ്രോജക്ടാണ് കുട്ടനാടൻ പാക്കേജുമായി ബന്ധപ്പെട്ട് ഇപ്പോൾ തയ്യാറാക്കിയിരിക്കുന്നത്. എന്നുമാത്രമല്ല, കുട്ടനാട് പാക്കേജിൽ ആകെ 2407 കോടി രൂപയുടെ വർദ്ധനവുണ്ടാകുമ്പോൾ ജലസേചന വകുപ്പിൽ മാത്രം 2900 കോടി രൂപയുടെ വർദ്ധന

വുണ്ടാകുകയാണ്. മൊത്തം പാക്കേജിന്റെ എസ്കലേഷൻ 2400 കോടി രൂപയാകുമ്പോൾ ജലസേചന വകുപ്പിൽ മാത്രം 2900 കോടി രൂപയുടെ വർദ്ധനവുണ്ടാകുന്നുവെന്ന് പറയുമ്പോൾ മറ്റെല്ലാ പദ്ധതികളും ഉപേക്ഷി ക്കുകയാണ്. പാക്കേജിൽ പാടശേഖരങ്ങളുടെ ഒരു കരിങ്കൽ ബണ്ട് നിർമ്മാണത്തിന് എതിരെ വലിയ ജനവികാരം ഉയരുകയാണ്. അവിടെ പൈൽ ആന്റ് സ്ലാബ് കൊണ്ട് പാടങ്ങൾക്ക് സംരക്ഷണമൊരുക്കിയാൽ മതിയെന്നാണ് ജനപ്രതിനിധികളും കർഷക നേതാക്കളും പറയുന്നത്. അങ്ങനെവരുമ്പോൾ വീണ്ടും അതിന്റെ പാക്കേജ് വർദ്ധിക്കുകയാണ്. പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശത്ത് കരിങ്കൽ നിക്ഷേപിച്ച് നട ത്തുന്ന നിർമ്മാണത്തെപ്പറ്റി ശാസ്ത്രജ്ഞരുടെ അഭിപ്രായം ഇതുവരെ തേടിയിട്ടില്ലെന്നാണ് പത്രത്തിൽ പറയുന്നത്. 40000 ഹെക്ടറുകളിലായി 290 ലക്ഷം ടൺ കരിങ്കല്ലാണ് ഇവിടെ ബണ്ട് കെട്ടാനായി നിക്ഷേപിക്കുന്ന ത്. ഞങ്ങളുടെ നാട്ടിൽ മട വീണാൽ അത് നന്നാക്കാൻ ജലവിഭവ വകുപ്പ് തയ്യാറാകുന്നില്ലെന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. കാരണം, അത് പ്രസ്തുത പാക്കേജിൽപെട്ട സ്ഥലമാണെന്നാണ് പറയുന്നത്. അതു കൊണ്ട് അവസാനം സംഭവിച്ചതെന്താണ്? നിയമസഭ കഴിഞ്ഞ തവണ പാസ്സാക്കിയ ബഡ്ജറ്റിലുണ്ടായിരുന്ന തുകയിൽ വെറും 35 ശതമാനം മാത്രമാണ് ചെലവഴിക്കുന്നത്. നാട്ടിൻപുറങ്ങളിൽ മടവീണ് കൃഷി നശി ക്കുകയാണ്. 692 കോടി രൂപയാണ് കഴിഞ്ഞ വർഷം ചെലവാക്കാതെ വിട്ടി രിക്കുന്നത്. ചെലവാക്കാനറിയാത്ത ഒരു സർക്കാർ ഇന്ന് ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ നടക്കുമ്പോൾത്തന്നെ പണം ദുർവ്യയം ചെയ്യാൻ എവിടെനിന്നെല്ലാം ഉദ്യോഗസ്ഥന്മാർ പദ്ധതികൾ തയ്യാറാക്കുന്നുവോ അതിനൊക്കെ ഒത്താശ കൊടുത്തുകൊണ്ടിരിക്കുക യാണ് ഈ ഗവൺമെന്റ്. ബഹുമാനപ്പെട്ട അനിമൽ ഹസ്ബന്ററി വകുപ്പുമ ന്ത്രിയുടെ നേതൃത്വത്തിലുള്ളതാണ് കേരള വെറ്ററിനറി ആന്റ് ആനിമൽസ് സയൻസസ് യൂണിവേഴ്സിറ്റി. അവിടെ ചില നിർമ്മാണ പ്രവൃത്തി

കൾക്കുവേണ്ടി ഒരു ഇംപ്ലിമെന്റിംഗ് ഏജൻസിയായി ബി.എസ്.എൻ.എൽ -മായി 10-04-2012-ൽ എം.ഒ.യു. ഒപ്പിട്ടു. എന്നാൽ ഒരു കാരണവുമില്ലാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ഒപ്പിട്ട ആ എം.ഒ.യു. റദ്ദാക്കാൻ അടിയന്തര മാനേജ്മെന്റ് കമ്മിറ്റി കൂടി 168 കോടി രൂപ ചെലവഴിക്കുന്ന പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി 28-06-2012-ൽ ബി.എസ്. എൻ.എൽ-മായി ഒപ്പിട്ട എം.ഒ.യു. റദ്ദ് ചെയ്യുകയാണ്. പണം ഇല്ലെന്ന കാരണത്താൽ പദ്ധതികൾ നടക്കുന്നില്ലെന്ന സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ തന്നെ പണം സ്വരൂപിച്ച് കൂട്ടുകയാണെന്ന് മാത്രമല്ല, ഉദ്യോഗസ്ഥർക്ക് പണമുണ്ടാക്കാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ന് ഈ നാട് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിലക്കയറ്റമാണ്. ആ വിലക്കയറ്റം നേരിടുന്നതിന് പൊതു വിതരണ സമ്പ്രദായത്തിൽ പണം ചെലവഴിച്ച് മെച്ചപ്പെട്ട പൊതുവിതരണ ശൃംഖല സൃഷ്ടിച്ചുകൊണ്ട് വിലക്കയറ്റം പിടിച്ചുനിർത്താൻപോലും ഈ സർക്കാർ തയ്യാറാകുന്നില്ല. അതുകൊണ്ടാണ് ഇത് പണം ചെലവഴിക്കു വാൻ അറിയാത്ത ഒരു ഗവൺമെന്റാണെന്ന് ഞാൻ പറഞ്ഞത്. അനുവദി ച്ചുകൊടുത്ത പണം ദാരിദ്ര്യം ഭാവിച്ച് അത്യാവശ്യ കാര്യങ്ങൾക്കുപോലും ചെലവഴിക്കാതെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഈ സർക്കാരിന്റെ ഉപധനാ ഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എനിക്കുമുമ്പ് ഇവിടെ സംസാരിച്ച ശ്രീ മാത്യു ടി. തോമസ്, പണം ചെലവഴിക്കാത്ത ഒരു ഗവൺമെന്റാണെന്ന് സൂചിപ്പിക്കുകയുണ്ടായി. അതിന് ഉദാഹരണമായി അദ്ദേഹം കുട്ടനാട് പാക്കേജിലെ ചില കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം മന്ത്രിയായിരുന്ന അവസരത്തിൽ ഉൾപ്പെടെയുള്ള കഴിഞ്ഞ നാലു വർഷക്കാലം കുട്ടനാട് പാക്കേജിൽ എന്ത് പുരോഗതിയാണ് ആ ഗവൺമെന്റ് ഉണ്ടാക്കിയതെന്ന് ഓർക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ അദ്ദേഹം പറഞ്ഞ കര്യങ്ങ ളൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടും ഈ കുട്ടനാട് പാക്കേജ് ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് പ്രതിജ്ഞാബദ്ധതയി ല്ലാതെ പെറുമാറിയതുകൊണ്ടുമാണ് എന്ന് പറയാതിരിക്കാൻ നിവൃത്തിയി ല്ല. അദ്ദേഹം ട്രാൻസ്പോർട്ട് വകുപ്പിന്റെ മന്ത്രിയായിരുന്നു. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്താൻ ഈ ഗവൺമെന്റിൽ നിന്നും പണം കിട്ടുന്നില്ലെന്നാണ് അദ്ദേഹം പറയുന്നത്. ശ്രീ. മാത്യു ടി. തോമസും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ശ്രീ. ജോസ് തെറ്റയിലും മന്ത്രിയായിരുന്ന കാലത്ത് ഇതിനെ ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്. ഒരു തസ്തികപോലും സൃഷ്ടിക്കു ന്നതിന് ഒരു രൂപയെങ്കിലും ശ്രീ. മാത്യു. ടി. തോമസിന് ഡോ. ടി. എം. തോമസ് ഐസക്കിൽ നിന്ന് വാങ്ങിയെടുക്കാൻ സാധിച്ചോ? ഈ മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെ ടുത്തുന്നതിനായി ധനകാര്യവകുപ്പുമന്ത്രി പണം അനുവദിച്ചുവെന്ന് ഇന്ന് ചോദ്യോത്തര വേളയിൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഇവിടെ സൂചിപ്പി ക്കുകയുണ്ടായി. ഞാൻ അതിനെക്കുറിച്ച് ദീർഘമായി സംസാരിക്കുന്നില്ല. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ പിന്നിട്ട ഒരു വർഷം അഭിമാന ത്തിന്റെ വർഷമായിരുന്നു, വികസനവും കരുതലും എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കിയ വർഷവുമായിരുന്നു. സമഗ്രസ്പർശി

യായ പദ്ധതികൾ ഒന്നൊന്നായി നടപ്പിലാക്കി കേരളീയ സമൂഹത്തിന് പുത്തൻപ്രതീക്ഷകൾ നൽകിയ ഒരു വർഷമായിരുന്നു. കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഏറ്റവും പ്രാധാന്യത്തോടുകൂടി കാണേണ്ട ഒരു കാര്യമാണത്. കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുമ്പോൾ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ഇവിടത്തെ ഓഫീസുകളുടെ സംവിധാനം മാറ്റുമ്പോൾ വേഗത മാത്രമല്ല, സുതാര്യതയാണ് ഏറ്റവും കൂടുതൽ ഉറപ്പുവരുത്തുന്നത്. പെട്ടെന്ന് കാര്യങ്ങൾ നടപ്പിലാക്കുന്നുവെന്ന് മാത്രമല്ല, അവിടെ സുതാര്യത ഉറപ്പുവരുത്താൻ കഴിയുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇന്ത്യയിൽത്തന്നെ സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനം ഒരുക്കിയ സംസ്ഥാനമായി കേരളം മാറാൻ പോവുകയാണ്. ഇ-ഗവേണൻസ് പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് ബൃഹത്തായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 2013 ഡിസംബർ മാസത്തിനുമുമ്പ് എല്ലാ പഞ്ചായത്തുകളും ഒപ്റ്റിക്കൽ ഫൈബർ ബ്രോഡ്ബാന്റ് സിസ്റ്റവും, 4-ജി.-യും ലഭ്യമാക്കുമെന്നാണ് ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്. ക്ഷേമപദ്ധതികൾ വർദ്ധിപ്പിക്കുക മാത്രമല്ല, ആ പദ്ധതികളിലൂടെ ലഭിക്കേണ്ട തുക ഉപഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. 25 ലക്ഷത്തിനു മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-ടെണ്ടർ സമ്പ്രദായം ഏർപ്പെടുത്തുകയാണ്. പി.ഡബ്ല്യൂ.ഡി. വകുപ്പിൽ മാത്രമല്ല, എല്ലാ വകുപ്പിലും ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ഇത് ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ്. സുതാര്യത ഉറപ്പുവരുത്തി എല്ലാ വകുപ്പുകളേയും ഡിജിറ്റൽ സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതോടുകൂടി ഇവിടെ വലിയ മാറ്റങ്ങൾ ഉണ്ടാകാൻ പോവുകയാണ്. അതുപോലെ തന്നെ ഏറ്റവും പ്രധാനപ്പെട്ടതാണ് സേവനാകാശ നിയമവും. നമ്മുടെ നാട്ടിലെ സാധാരക്കാരായ ആളുകൾ ഓരോ കാര്യത്തിനായി ഏറ്റവും കൂടുതൽ കയറിയിറങ്ങുന്നത് പഞ്ചായത്ത് ഓഫീസുകളിലും വില്ലേജ് ഓഫീസുക

ളിലുമാണ്. പലപ്പോഴും ആഴ്ചകളോളം നടന്നാലും അവരുടെ കാര്യം നടക്കാത്തൊരു സാഹചര്യത്തിലാണ് ഈ നിയമം നടപ്പിലാക്കുന്നത്. സാധാരണക്കാരനുവേണ്ടിയാണ് ഈ നിയമം നടപ്പിലാക്കുന്നത്. സാധാരണക്കാരനെ നെട്ടോട്ടമോടിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ഇനി അതിന് സാധ്യമല്ല, ഇനി അതിന് കഴിയില്ല എന്ന നിലയിലേയ്ക്ക് സർക്കാർ ഓഫീസുകളിൽ നിന്ന് അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കും സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയുള്ള ബിൽ കൊണ്ടുവരുന്നതിന് ഈ ഗവൺമെന്റ് മുൻകൈയെടുത്തിരിക്കുകയാണ്. സർക്കാർ ആശുപത്രികൾ വഴി മുഴുവൻ ബി.പി.എൽ.-കാർക്കും സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം വരുന്നുണ്ട്. മരുന്നുവില കുതിച്ച് കയറുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ടുകൊണ്ട് സർക്കാർ ആശുപത്രികൾ വഴി മുഴുവൻ ബി.പി.എൽ.-കാർക്കും സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നതിനുള്ള പണം ഈ ഗവൺമെന്റ് കണ്ടെത്തിയിരിക്കുന്നു, അതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നു. കാരുണ്യ മെഡിക്കൽ ഷോപ്പുകൾ, 35 കാരുണ്യ മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കുന്നതിനാണ് തീരുമാനമെടുത്തിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാരനുവേണ്ടി ഇതിൽ കൂടുതൽ കരുതൽ ഏത് ഗവൺമെന്റ് നടത്തിയിട്ടുണ്ട്? ഒരു കാര്യം നമ്മൾ മനസ്സിലാക്കണം, ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ പരസ്യമായി അംഗീകരിക്കാൻ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽപ്പോലും കേരളത്തിലെ ജനങ്ങൾ അത് കാണുന്നുണ്ട്, അംഗീകരിക്കുന്നുണ്ട്. ആശ്രിത നിയമനം - ഒരു വീട്ടിലെ ഒരു ഏണിംഗ് മെമ്പർ മരിച്ചുപോയിക്കഴിഞ്ഞാൽ അവരുടെ ആശ്രിതർക്ക് നിയമനം കൊടുക്കുക എന്നുള്ളത് അവരുടെ റൈറ്റാണ്. പക്ഷേ ആശ്രിത നിയമനത്തിനുവേണ്ടി അപേക്ഷ കൊടുത്തശേഷം വർഷങ്ങളോളം കാത്തിരിക്കേണ്ട ഒരവസ്ഥ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ലേ? ആശ്രിത നിയമനത്തിന്റെ മുഴുവൻ കുടിശ്ശികയും തീർക്കാൻ ഈ ഗവൺമെന്റ് തയ്യാറായി, അവർക്ക് നിയമനം കൊടുക്കാനുള്ള നടപടികളെടുത്തു, അത്

കരുതലാണ്. അതുപോലെ സ്പോർട്ട്സ് ക്വാട്ടയിലെ നിയമനം. സ്പോർട്ട്സ് ക്വാട്ടയിലെ നിയമനമെന്നുപറഞ്ഞാൽ ആയ കാലത്ത് അവർ സ്പോർട്ട്സ് രംഗത്ത് ശരിയായ രീതിയിൽ പ്രശോഭിച്ചു. പക്ഷേ അതെല്ലാം കഴിഞ്ഞിട്ടും അവർക്ക് നിയമനം കിട്ടുന്നില്ലായെന്നുള്ള നില യിലേക്ക് വന്നുകഴിഞ്ഞാൽ.... അതിലുള്ള 3 വർഷത്തെ കുടിശ്ശിക ഈ ഗവൺമെന്റ് തീർത്തിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങൾ - നിത്യോപയോഗ സാധനങ്ങൾ സാധാരക്കാർക്ക് താങ്ങാവുന്ന വിലയിൽ ലഭ്യമാക്കണം. പണപ്പെരുപ്പമുണ്ട്, വിലക്കയറ്റമുണ്ട്; ഇതിൽ നിന്ന് ജന ങ്ങൾക്ക് രക്ഷ കിട്ടണമെന്നുണ്ടെങ്കിൽ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ ചെലവിൽ നൽകാൻ കഴിയണം. അതിനുവേണ്ടി കൺസ്യൂമർ ഫെഡറേഷന് 25 കോടി രൂപ മാണി സാർ നൽകിക്കഴിഞ്ഞിരിക്കുന്നു. മാവേലി സ്റ്റോറുകൾ വഴിയും റേഷൻ ഷോപ്പുകൾ വഴിയും നിത്യോപ യോഗ സാധനങ്ങൾ വിതരണം ചെയ്യാൻ ഈ ഗവൺമെന്റ് നടപടിയെടു ത്തിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ കാര്യത്തിൽ വലിയ മാറ്റമാണുണ്ടായിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരു മ്പോൾ റോഡ് എന്നുപറയുന്നത് ഉണ്ടായിരുന്നോ; മുഴുവൻ കുഴിയല്ലായി രുന്നോ; ഇപ്പോൾ ആ സ്ഥിതി മാറിയില്ലേ; എല്ലാ രംഗത്തും മാറ്റമുണ്ടായി ല്ലേ? ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനേക്കാൾ കൂടുതൽ തുക ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി കൊടുത്തില്ലേ? അതിന്റെ പ്രയോജനം എല്ലാ എം.എൽ.എ.-മാർക്കും ഒരുപോലെ ലഭിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കഴിഞ്ഞ ഗവൺമെന്റ് പ്രതിപക്ഷത്തിരുന്ന ഞങ്ങൾക്കാർക്കും ഒരു ആനുകൂല്യവും തന്നില്ല. ഓരോ ആളുകൾക്കും അവരുടെ രാഷ്ട്രീയ നിറം നോക്കിയാണ് നിങ്ങൾ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചത്. പക്ഷേ 5 കോടി രൂപ വീതം 140 എം.എൽ.എ.-മാർക്കും അവ രുടെ നിയോജകമണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ നടത്താനായി ട്ടുള്ള അസറ്റ് ക്രിയേഷൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കിയ

ഗവൺമെന്റാണിത്. അതിനെയെങ്കിലും ഒന്ന് ശ്ലാഘിക്കാൻ, അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകാതിരുന്നത് ശരിയായില്ല എന്നാണ് എനിക്ക് പറയാനുള്ളത്. സ്വാശ്രയ കോളേജിലെ അഡ്മിഷൻ - കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ 5 വർഷക്കാലത്തും അഡ്മിഷൻ കഴിഞ്ഞാലും പ്രശ്നങ്ങൾ ബാക്കിയായിരുന്നു. തർക്കങ്ങളാണ്, വിതർക്കങ്ങളാണ്, വിവാദങ്ങളാണ്. ഇപ്പോൾ അഡ്മിഷൻ തുടങ്ങുന്നതിനുമുമ്പായി ആ വിവാദങ്ങളൊക്കെ അവസാനിപ്പിച്ച് സ്വാശ്രയ മാനേജ്മെന്റുകളുമായി കരാർ ഒപ്പിടാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെങ്കിൽ ഇച്ഛാശക്തിയോടുകൂടി ശരിയായ രീതിയിൽ മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണ് ഇതെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ? വികസന കാര്യത്തിൽ വലിയ കുതിച്ചുചാട്ടം ഈ ഗവൺമെന്റ് നടത്താൻപോകുന്നു. സാം പിട്രോഡയുടെ 10 പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. എമർജിംഗ് കേരള നടപ്പാക്കുന്നതിലൂടെ കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാക്കുന്ന നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. 2011-2012-ൽ മുൻവർഷത്തേക്കാൾ 20 ശതമാനമാണ് പദ്ധതിവിഹിതം വർദ്ധിച്ചത്. അതുകൊണ്ട് പദ്ധതിവിഹിതം, പ്ലാൻ എക്സ്പെൻഡിച്ചർ ഇക്കാര്യങ്ങളിലൊക്കെ ശരിയായ ദിശയിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും. മാതൃഭൂമി പത്രത്തിൽ വന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഒരു പ്രസംഗത്തിന്റെ പൂർണ്ണ രൂപം മേശപ്പുറത്തുവയ്ക്കുമെന്ന് ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞു. ഞങ്ങൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ച് പറയുമ്പോൾ നിങ്ങൾക്ക് ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് ഒരു ചുക്കുമറിയില്ലെന്നാണ് പാർട്ടിയുടെ സെക്രട്ടറി മുതൽ താഴെത്തലത്തിലുള്ള ആളുകൾ വരെ പറയുന്നത്. കേന്ദ്ര കമ്മിറ്റിയിൽ നടത്തിയ പ്രസംഗം എങ്ങനെയാണ് ഒരു പത്രത്തിൽ അച്ചടിച്ചുവന്നത്? ഒന്നുകിൽ ഇത് പ്രസംഗിച്ച ആൾ, അല്ലെങ്കിൽ പരിഭാഷപ്പെടുത്തിയ ശ്രീ. എം. എ. ബേബി, അതുമല്ലെ

ങ്കിൽ ഇത് കേട്ടിരുന്ന പി.ബി. സെക്രട്ടറിയായിരിക്കണം ഇത് പത്രങ്ങളിൽ കൊടുത്തത്. ഇതെങ്ങനെയാണ് പത്രത്തിൽ വന്നത്? നിങ്ങൾ എല്ലാത്തിനും അന്വേഷണ കമ്മീഷനെ വയ്ക്കുകയല്ലേ? നിങ്ങളുടെ കേന്ദ്ര കമ്മിറ്റിയിൽ പ്രതിപക്ഷ നേതാവ് നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണരൂപം... ഇത് പൂർണ്ണ രൂപമാണോ ഇല്ലയോ എന്നുള്ളത് ഞങ്ങൾക്കറിയില്ല, പൂർണ്ണരൂപമാണെങ്കിൽ ഇതെങ്ങനെയാണ് പത്രത്തിൽ വന്നതെന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കാൻ നിങ്ങൾ ആവശ്യപ്പെടണം. നിങ്ങൾ ആവശ്യപ്പെട്ടുകഴിഞ്ഞാൽ കേന്ദ്ര കമ്മിറ്റിയോ പോളിറ്റ് ബ്യൂറയോ അംഗീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല. എന്നാലും സാമാന്യ മര്യാദയ്ക്ക് നിങ്ങളൊന്ന് ആവശ്യപ്പെടണ്ടേ; ഇതെങ്ങനെയാണ് പത്രത്തിൽ വന്നത്? ഇത് പത്രത്തിൽ കൊടുത്തത് ആരാണെന്നുള്ളത് എല്ലാവർക്കുമറിയാം. പക്ഷേ ഇന്നലത്തെ തീരുമാനംകൊണ്ട് നിങ്ങൾക്ക് ഇത് മിണ്ടാനുള്ള ആർജ്ജവം നഷ്ടപ്പെട്ടിരിക്കുന്നുവെന്നുള്ളതാണ് സത്യം. ഇതിനെതിരെ സംസാരിക്കാനുള്ള ആർജ്ജവം നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഇവിടെ ചൈന സന്ദർശനം കഴിഞ്ഞുവന്ന ഡോ. തോമസ് ഐസക് പ്രസംഗിക്കുന്നുണ്ടോ? അദ്ദേഹം ഇവിടെ ചൈനീസ് സന്ദർശനം കഴിഞ്ഞ് വന്നിരിക്കുകയാണ്. ചൈനയിൽ 25 വർഷത്തിനുശേഷമുണ്ടായ മാറ്റങ്ങൾ എന്തൊക്കെയെന്നുള്ളതിനെക്കുറിച്ച് അദ്ദേഹം മലയാള മനോരമയിൽ ലേഖനമെഴുതിയിരിക്കുകയാണ്. മാവോ ദൈവമല്ല, മനുഷ്യനാണ്, ഇതാണ് അദ്ദേഹം കണ്ടെത്തിയിരിക്കുന്നത്. അവിടെ ചെന്നുകഴിഞ്ഞപ്പോഴേക്കും 25 വർഷങ്ങൾക്കുമുമ്പ് കണ്ട ചന്തയൊന്നും അവിടെയില്ല. അവിടെ ഇപ്പോൾ മൾട്ടി നാഷണൽസ് മാത്രമാണുള്ളത്. സോഷ്യലിസത്തിന്റെ ആദ്യദശയിൽ കമ്പോളവൽക്കരണം ആവശ്യമാണെന്ന ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കണ്ടുപിടിത്തത്തെക്കുറിച്ച് ഡോ. തോമസ് ഐസക്കിന്റെ അഭിപ്രായമെന്താണ്; കമ്പോളവൽക്കരണം ആവശ്യമുള്ളതെപ്പോഴാണ്? സോഷ്യലിസത്തിന്റെ പ്രാരംഭദശയിൽ. അതാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അമേരിക്കയിലുള്ളതിനേ

ക്കാൾ മാക് ഡൊണാൾഡിന്റെയും കെൻടെക്കിയുടെയും ഷോപ്പുകൾ ചൈനയിലാണ്. കഴിഞ്ഞ ഒരു വർഷം കൊണ്ട് ഒന്നേകാൽ ലക്ഷം അഴിമതിവിരുദ്ധ കേസുകളെടുത്തുവെന്ന് ഡോ. തോമസ് ഐസക് തന്നെ പറഞ്ഞിരിക്കുന്നു. കമ്പോളവൽക്കരണത്തെക്കുറിച്ച് ഡോ. തോമസ് ഐസക്കിന്റെ അഭിപ്രായമെന്താണെന്ന് പറഞ്ഞാൽ കൊള്ളാം. ഇൻഡ്യയിൽ വരുമ്പോൾ വാൾമാർട്ട് മോശമാണ്, ചൈനയിൽ കൊള്ളാം. ഇൻഡ്യയിൽ വരുമ്പോൾ മാക് ഡൊണാൾഡ് മോശമാണ്, ചൈനയിൽ കൊള്ളാം. ഇൻഡ്യയിൽ വരുമ്പോൾ കെൻടെക്കി മോശമാണ്, ചൈനയിൽ കൊള്ളാം. ഇൻഡ്യയിൽ ജവഹർലാൽ നെഹ്റുവിന്റെ കാലംമുതൽ ഒരു മിക്സഡ് എക്കോണമിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിനെ ആക്ഷേപിച്ച നിങ്ങൾ ഇപ്പോൾ അതിനെ ശ്ലാഘിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിരിക്കുന്നുവെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുന്നുവെന്ന് മാത്രമേയുള്ളളൂ. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശ്രീ. കെ. എം. മാണി എതെല്ലാം തരത്തിൽ പരിശ്രമിച്ചാലും കേരളം രക്ഷപ്പെടാവുന്ന അവസ്ഥയിലല്ല. കുഞ്ചൻനമ്പ്യാരുടെ ഒരു കവിതയിൽ, താളക്കാരന് മാത്രം പിഴച്ചാൽ തകിലറിയുന്നവൻ അവതാളത്തിൽ എന്നു പറഞ്ഞിട്ടുണ്ട്. ഇത് പൊതുവെ താളം തെറ്റിയ, എല്ലാം അവതാളത്തിലായ ഒരു മന്ത്രിസഭയാണ്. ഒരു വർഷം കൊണ്ട് കേരളത്തെ മാണിസാറിനു മാത്രമല്ല, ആർക്കും രക്ഷിക്കാൻ കഴിയാത്ത ഒരു അവസ്ഥയിൽ, ഒരു അവതാളത്തിന്റെ പരുവത്തിൽ നിങ്ങൾ എത്തിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇതിനെ ശക്തമായി ഞാൻ എതിർക്കുകയാണ്. ഈ സപ്ലിമെന്ററി ഡിമാന്റുമായി ബന്ധപ്പെട്ട് 2012-ൽ പ്രഖ്യാപിച്ച ഫിഷറീസിന്റെ ഒരു പദ്ധതിയുണ്ട്. ഫിഷറീസിന്റെ ആ പദ്ധതി 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഇല്ല. അത് ഇപ്പോൾ സപ്ലിമെന്ററിയായി വന്നിരിക്കുകയാണ്. അപ്പോൾ എത്രമാത്രം ഓർമ്മപ്പിശകാണ് ഈ ഗവൺമെന്റിന് കേരളത്തിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളോടുള്ളതെന്ന് ഈ ഒറ്റക്കാര്യത്തിൽ നിന്നുതന്നെ വ്യക്തമാണ്. ഞാൻ ഒരുപാട് കാര്യങ്ങൾ പറഞ്ഞുപോകുന്നില്ല. ഇതിൽ 629-ലധികം കോടി രൂപയുടേത് പുതിയ ധനാഭ്യർത്ഥനകളാണ്. ഈ ധനാഭ്യർത്ഥനകൾ, തീർച്ചയായും റോഡുകൾക്കോ പാലങ്ങൾക്കോ അല്ലെങ്കിൽ മറ്റു വകുപ്പുകൾക്കോ കൊടുക്കുന്നത് നല്ലതാണ്. പക്ഷെ അതിൽ നീതിപൂർവ്വമായ ഒരു വിതരണക്രമം ഉണ്ടാകേണ്ടതല്ലേ? 2280 കോടി രൂപയുടെ പി.ഡബ്ല്യൂ.ഡി. വർക്കിന് എ.എസ്. കൊടുത്തത് നല്ല കാര്യം തന്നെയാണ്. പക്ഷേ അത് എവിടെയൊക്കെ എങ്ങനെവന്നു എന്നത് പരിശോധിക്കുമ്പോഴാണ് ഈ മന്ത്രിസഭയ്ക്കകത്തുനില നിൽക്കുന്ന തർക്കങ്ങൾ ഇത്തരം കാര്യങ്ങളിലും പ്രതിഫലിച്ചുവരുന്നത് കാണുന്നത്, അത് നല്ലതല്ല. കേരളത്തെ മൊത്തമായി കാണാനും സാധാരണ മനുഷ്യന്റെ പക്ഷത്തുനിൽക്കാനും പൊതുവായ വികസനമാണ് കേരളത്തിന്റെ വികസനമെന്ന് തിരിച്ചറിയാനും കഴിഞ്ഞില്ലെങ്കിൽ ദുരന്തപൂർണ്ണമായ ഒരു അവസ്ഥയിലേക്കായിരിക്കും നമ്മൾ എത്തിച്ചേരുന്നത്.

ഇൻഡ്യൻ പ്രധാനമന്ത്രിയെ മോശപ്പെട്ട പ്രധാനമന്ത്രിയെന്ന് വിശേഷിപ്പിച്ചത് അമേരിക്കയിലെ ടൈം മാഗസിനാണ്. പക്ഷേ, ഇൻഡ്യൻ ജനതയ്ക്ക് അങ്ങനെ പറയാൻ കഴിയില്ല. ഇന്നലെയും പെട്രോളിനുവില കൂടി. എല്ലാ ദിവസവും ജനങ്ങളുടെ മണ്ടയിൽ ഭാരം അടിച്ചേൽപ്പിക്കാൻ മാത്രമൊരു ഗവൺമെന്റ് എന്നതാണ് കേന്ദ്ര ഗവൺമെന്റിനെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം. ഇവിടെ പൈസയുടെ കാര്യത്തെക്കുറിച്ചും ശതമാനത്തെക്കുറിച്ചുമൊക്കെ പറയുമ്പോൾ രൂപയുടെ മൂല്യത്തകർച്ചകൊണ്ടുതന്നെ എത്രയോ രൂപ കൂടിയാൽ മാത്രമാണ് 2010-11-ന്റെ കാര്യത്തിൽ 2012-13-ന് എത്താൻ കഴിയുന്നത്. കാരണം ഇൻഡ്യാ ഗവൺമെന്റ് എത്രയെല്ലാം ശ്രമിച്ചിട്ടും റിസർവ്വ് ബാങ്ക് എങ്ങനെയെല്ലാം ഇടപെടാൻ ശ്രമിച്ചിട്ടും രൂപയ്ക്ക് മൂല്യത്തകർച്ച സംഭവിച്ചത് വീണ്ടെടുക്കാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല, ഇന്നലെയും മൂല്യത്തകർച്ചയുണ്ടായി. അസാധാരണമായ ഒരു സാഹചര്യത്തെ നാം നേരിടുമ്പോൾ അങ്ങ് കൊണ്ടുവന്ന ഒന്നുരണ്ട് തീരുമാനങ്ങളെ വിമർശിക്കാതിരിക്കാൻ കഴിയില്ല. ഒന്ന്, 2011-12-ലെ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിച്ചതും നിയമസഭയിൽ പ്രതിപക്ഷം ശക്തമായി എതിർത്തതുമാണ്. ഞാൻ മനസ്സിലാക്കുന്നത്, ഭരണകക്ഷിയിൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുതന്നെ അക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായമുണ്ടായിരുന്നു എന്നാണ്. അത്, കേരളത്തിലെ പ്ലാന്റേഷൻ മേഖലയുടെ അഞ്ചുശതമാനം മറ്റാവശ്യങ്ങൾക്കു വിനിയോഗിക്കാമെന്നതാണ്. ഇന്ന് കർക്കിടകമാസം 9, ജൂലൈ 24 ആണ്. ഇതുവരെ കേരളത്തിൽ മഴ നന്നായി പെയ്തിട്ടില്ല, ഇന്ന് ഒന്ന് ചാറിപ്പോയി. അപ്പോൾ മഴ പെയ്യാത്ത ഒരു സാഹചര്യത്തിൽ, കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് എല്ലാവരും ആശങ്കപ്പെടുന്ന ഒരു ഘട്ടത്തിൽ, ഒരു പ്രത്യേക മേഖലയായി നിലനിൽക്കുന്ന തോട്ടംമേഖലയിൽ കൺസ്ട്രക്ഷനും മറ്റു കാര്യങ്ങളും പാടില്ല എന്നുപറയുന്ന ഒരു ഘട്ടത്തിൽ ഇങ്ങനെയൊരു തീരുമാനം ശരിയാണോ? അങ്ങനെയൊരു തീരുമാനം നമ്മുടെ കാലാവസ്ഥയിൽ കേരളത്തിന്റെ സ്വാഭാവികമായ പച്ചപ്പിൽ, കേരളം നിലനിറുത്തി

യിരിക്കുന്ന വളരെ പ്രത്യേകതയുള്ള പ്രകൃതി സമ്പത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വേണ്ടത്ര പഠനം നടത്താതെ, ആലോചനയി ല്ലാതെ ചെയ്യുന്നത്, അതിന് ഓർഡർ ഇറക്കുന്നത് ശരിയാണോ? എനിക്ക് തോന്നുന്നു, ഇതുസംബന്ധിച്ച് പൊതുചർച്ച വയ്ക്കാമെന്ന്. 2011-12 കാലത്തെ ചർച്ചയിൽ അന്ന് റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവ ഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതാണ്. ശ്രീ. ടി. എൻ. പ്രതാപൻ ഉൾപ്പെ ടെയുള്ളവർ അവിടെ ഇരിപ്പുണ്ട്. കേരളത്തിന്റെ വലിയ ഒരു സമ്പത്ത് എന്നുപറയുന്നത് പ്രകൃതിയാണ്. ലോകത്തുതന്നെ കഴിഞ്ഞകാലത്തു ണ്ടായ ഏറ്റവും വലിയ ഒരു മുദ്രാവാക്യമെന്നു പറയുന്നത്, പ്രകൃതി സ്നേഹികൾ ഉയർത്തിയ No more Airport എന്ന മുദ്രാവാക്യമാണ്. അവ രുടെ ആദ്യത്തെ മുദ്രാവാക്യംതന്നെ അതാണ്. കേരളത്തിൽ മാത്രമല്ല ലോകത്തുതന്നെ ഇനി No more Airport എന്നാണ്. മറ്റു പല കാര്യങ്ങളും പറയുന്നുണ്ട്. അങ്ങനെയൊരു കാലത്ത് വികസനത്തെക്കുറിച്ചുള്ള സങ്കല്പം പ്രകൃതിപക്ഷമാകണോ പ്രകൃതിയെ നശിപ്പിക്കുന്നതാകണോ എന്നുള്ളത് കേരളത്തെ സംബന്ധിച്ച് വളരെ പ്രസക്തമായ ചോദ്യമാണ്. ആ ചോദ്യത്തിന് തീർച്ചയായും അനുഭവസമ്പത്തിന്റെ അടിസ്ഥാനത്തിൽ അത്തരമാളുകളോട് ചർച്ച ചെയ്തുകൊണ്ടുമാത്രമേ ഉത്തരവാദപൂർണ്ണമാ യ വികസനപാത ഏതെന്ന് തീരുമാനിക്കാവൂ. റോഡുകളും പാലങ്ങളും വേണ്ട എന്നല്ല. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ശ്രീ. വിഷ്ണുനാഥിനോട് പറയാനുള്ളത്, ഇക്കാര്യങ്ങൾ തൊട്ടടു ത്തിരിക്കുന്ന ശ്രീ. ടി. എൻ. പ്രതാപനോടോ അല്ലെങ്കിൽ ശ്രീ. വി.എം. സുധീരനോടോ ചോദിച്ചാൽ കൃത്യമായ ഉത്തരം ലഭിക്കുമെന്നുള്ളതു കൊണ്ട് ആ ചോദ്യങ്ങൾ ചോദിക്കാൻ ഞാൻ അങ്ങോട്ടുവിടുന്നു. കേരള ത്തിന്റെ വികസനകാര്യത്തിൽ, വികസനത്തിന്റെ കാഴ്ചപ്പാട് യു.എൻ. തന്നെ മാറ്റിയിട്ടുണ്ട്. ഇപ്പോൾ മാറ്റി എന്നല്ല, അതിന്റെ ചർച്ച വരുന്നുണ്ട്. പ്രധാനപ്പെട്ട കാര്യം ജി.ഡി.പി. അല്ല എന്ന് ലോകത്ത് ആദ്യം പറഞ്ഞത് ഭൂട്ടാന്റെ പ്രതിനിധിയാണ്. ഭൂട്ടാൻ യു.എൻ-ൽ പറഞ്ഞത് വികസനമെന്നു

പറയുന്നത് ഗ്രോസ് നാഷണൽ ഹാപ്പിനെസ് (ജി.എൻ.എച്ച്.) ആണ് എന്നാണ്. അതായത് എത്ര പൊക്കമുള്ള കെട്ടിടമുണ്ടാക്കുന്നു എന്നതോ എത്ര പൊക്കമുള്ള റോഡുണ്ടാക്കുന്നു, എത്ര വലിപ്പമുണ്ടാക്കുന്നു എന്നതോ അല്ല, എത്ര സന്തോഷമുല്പാദിപ്പിക്കാൻ ഒരു വർഷംകൊണ്ട് ആ രാജ്യത്തിന് കഴിയുന്നു എന്നതാണ്, എത്രമാത്രം തൃപ്തിയനുഭവിക്കുന്ന മനുഷ്യനെ സൃഷ്ടിക്കാമെന്നതാണ്. എത്ര ആത്മഹത്യകൾ കുറയ്ക്കാമെന്നതാണ്, എത്ര ഡൈവേഴ്സ് നോട്ടീസ് കുറയ്ക്കാമെന്നതാണ്, എത്ര കലാപങ്ങൾ നിറുത്താമെന്നതാണ്, എത്ര അക്രമങ്ങൾ ഇല്ലാതാക്കാമെന്നതാണ്, അതായത് ഉണ്ടാകുന്ന മൊത്തം സന്തോഷമാണ് പ്രധാനം, ഒരു രാജ്യത്തിന്റെ ജി.ഡി.പി.ക്ക് പകരം ജി.എൻ.എച്ച്. എന്നുപറഞ്ഞത് ഭൂട്ടാനെന്നു പറയുന്ന ഇൻഡ്യയുടെ തൊട്ടടുത്തുകിടക്കുന്ന രാജ്യമാണ്. ഹാപ്പിനെസ് എന്നുപറയുന്നതാണ് ഇന്ന് ലോകത്തിന്റെ ഉല്പാദനമാകേണ്ടത് എന്ന് അവരാണ് യു.എൻ.-ൽ ഉന്നയിച്ചത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. മുല്ലക്കര രത്നാകരൻ ഭൂട്ടാൻ വരെ പോകേണ്ടതില്ല. എട്ടാം പഞ്ചവൽസര പദ്ധതിയുടെ ബദൽ രേഖയ്ക്കകത്ത് കേരള കോൺഗ്രസ് ഈ അംശങ്ങളൊക്കെ പറഞ്ഞിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ആ അംശങ്ങളൊക്കെ പറഞ്ഞ അങ്ങേയ്ക്കുതന്നെ കേരളത്തിലെ പ്രകൃതിയോടും പ്രത്യേകതകളോടും - മലകൾ, നദികൾ, വെള്ളം, ഭൂഗർഭജലം ഉൾപ്പെടെയുള്ള കേരളത്തിന്റെ സമ്പത്തിനോടും നീതി കാണിക്കാൻ കഴിയുന്നില്ല എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. അങ്ങ് അതിനുവേണ്ടി വാദിക്കണം. ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ഷൻ എന്നതുമാറി ഒരു രാജ്യത്തുണ്ടാകുന്ന സന്തോഷം ജനങ്ങളിലേക്ക് പങ്കുവയ്ക്കപ്പെടുന്ന നീതിപൂർവ്വമായ വ്യവസ്ഥയാണ് ഏറ്റവും ജനാധിപത്യപരമായ വ്യവസ്ഥയെന്ന് യു.എൻ.-ൽ തന്നെ പുതിയ ചർച്ചയുണ്ടാകുമ്പോൾ, നാലുവർഷത്തിന് മുമ്പുതന്നെ അങ്ങയുടെ അഭി

പ്രായം അതാണെങ്കിൽ ഈ ബഡ്ജറ്റിലെ പൊതുരീതിയും പൊതുനീതിയും സ്വാഭാവികമായി വിമർശിക്കപ്പെടേണ്ടതുണ്ട്, തിരുത്തപ്പെടേണ്ടതുണ്ട്, കേരളത്തിന് അനുകൂലമായി, മനുഷ്യാനുകൂലമായി മാറ്റപ്പെടേണ്ടതുണ്ട്. അങ്ങനെ മാറ്റപ്പെടുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സമർപ്പിച്ചുകൊണ്ട്, ഇതിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അഭിമാനപൂർവ്വം പിന്താങ്ങുന്നു. ഇൻഡ്യയുടെ പതിമൂന്നാമത്തെ രാഷ്ട്രപതിയായി, നാം എല്ലാവരും സ്നേഹിക്കുന്ന, ഏറെ ആദരിക്കുന്ന ശ്രീ. പ്രണബ് മുഖർജി തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. നാമെല്ലാവരും ഏകകണ്ഠമായാണ് വോട്ട് ചെയ്തത്. ആദരണീയനായിട്ടുള്ള ശ്രീ. പ്രണബ് മുഖർജി ധനകാര്യമന്ത്രിയായി സേവനമനുഷ്ഠിച്ചിരുന്ന സന്ദർഭത്തിൽ, ഇൻഡ്യയും ലോകവും ആദരിക്കുന്ന അദ്ദേഹം പറഞ്ഞത് ശ്രീ. കെ.എം.മാണിയുടെ നേതൃത്വത്തിലുള്ള കേരളത്തിലെ ധനകാര്യ മാനേജ്മെന്റ് ഇൻഡ്യയിലെ ഏറ്റവും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റാണ് എന്നാണ്. ഇതിനേക്കാൾ അപ്പുറത്ത് ഒരു സർട്ടിഫിക്കറ്റിന്റെ ആവശ്യമുണ്ടോ എന്നത് തീർച്ചയായും ചിന്തിക്കേണ്ടതുണ്ട്.

ശ്രീ. രാജു എബ്രഹാം: അങ്ങനെ ആരാണ് പറഞ്ഞത്?

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, എന്റെ പ്രിയപ്പെട്ട സഹോദരങ്ങൾക്ക് വായനാശീലം ഇല്ലാതായിപ്പോയോ? വായിക്കുകയും മനസ്സിലാക്കുകയുമൊക്കെ ചെയ്യേണ്ടതല്ലേ? ഇവിടെ ധനകാര്യ വകുപ്പിനെ സംബന്ധിച്ച് ഇതിനുമുമ്പുവരെയുള്ള ഒരു ചീത്തപ്പേര് വികസനങ്ങളുടെ വഴിമുടക്കി എന്നാണ്. ഇന്ന് അതിനെ വികസനക്കുതിപ്പ് നടത്താൻ സഹായിക്കുന്ന ഒരു വകുപ്പാക്കി മാറ്റിയ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനായി റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരുവാനും വികസനോന്മുഖമായ ചെലവുകൾ വർദ്ധിപ്പിക്കുവാനും കഴിഞ്ഞ ധനകാര്യ മാനേജ്മെന്റാണിത്. 2006 മുതൽ 2010 വരെയുള്ള നികുതി വരുമാനത്തിലുണ്ടായ ശരാശരി വർദ്ധനവ് 17 ശതമാനം മാത്രമായിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തികവർഷം ഇത് 19.5 ശതമാനമായി ഉയർത്തുവാൻ കഴിഞ്ഞിരിക്കുന്നു. ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ 22 ശതമാനം

വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നബാർഡ്, ഹഡ്കോ വായ്പക ളിൽ കഴിഞ്ഞ സർക്കാർ മുടക്കം വരുത്തിയതുമൂലം നമുക്ക് വായ്പ ലഭി ക്കുമായിരുന്നില്ല. സഹകരണ ബാങ്ക് 136 കോടി രൂപയും ഭവനനിർമ്മാണ ബോർഡ് 330 കോടി രൂപയും അടച്ചുതീർത്തതുവഴി വായ്പകൾ പുന: സ്ഥാപിക്കാൻ നമുക്ക് കഴിഞ്ഞിരിക്കുകയാണ്. അതുപോലെ മുൻസർക്കാർ പാസ്സാക്കാൻ വീഴ്ച വരുത്തിയ സാമ്പത്തിക ഉത്തരവാ ദിത്ത നിയമ ഭേദഗതി പാസ്സാക്കുകവഴി പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശയ്ക്കും ധനസഹായത്തിനും കേരളവും പരിഗണിക്കപ്പെട്ടു എന്ന് നാം മനസ്സിലാക്കേണ്ടതാണ്. പാവപ്പെട്ടവർക്ക്, കഷ്ടപ്പെടുന്നവർക്ക് അത്താണിയായി ഈ ധനകാര്യ മാനേജ്മെന്റ് മാറി എന്നുള്ളത് ഏവരാലും പ്രശംസിക്കപ്പെട്ട കാര്യമാണ്. ഒരുരൂപയ്ക്ക് അരി നല്കിയും വിധവാ പെൻഷൻ നല്കിയും കഷ്ടപ്പെടുന്ന മറ്റിതര മേഖലകളിലെ ആളുകൾക്ക് പെൻഷൻ വർദ്ധിപ്പിച്ചുകൊടുത്തുകൊണ്ടും ഈ ഗവൺമെന്റ് പാവപ്പെട്ടവന്റെ പക്ഷത്താണെന്ന് തെളിയിച്ച ധാരാളം അനുഭ വങ്ങൾ നമ്മുടെ മുന്നിലുണ്ട്. ചികിത്സിക്കാൻ നിവൃത്തിയില്ലാതെ കഴി യുന്ന ആയിരക്കണക്കായ ആളുകളുള്ള നാടാണ് കേരളമെന്നത് നമ്മെ ദുഃഖിപ്പിക്കുന്ന കാര്യമാണ്. അങ്ങനെയുള്ള ആളുകളെ സഹായിക്കുന്ന തിനുവേണ്ടി ഇന്ത്യയ്ക്ക് മാതൃകയായി, ലോകത്തിന് മാതൃകയായി കാരുണ്യ ലോട്ടറി ഏർപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. അതിനേ ക്കാൾ വലിയ ജീവകാരുണ്യ പ്രവൃത്തിയുണ്ടോ? കഴിഞ്ഞ കാലങ്ങളിലെ ലോട്ടറിയേക്കാൾ ഇപ്പോൾ ലോട്ടറി വകുപ്പുണ്ടാക്കിയ വരുമാനം എത്ര വലുതാണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ലോട്ടറി വരുമാനം 547 കോടി രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ വരു മാനം 1257 കോടി രൂപയായിരിക്കുന്നു. ലോട്ടറിയുടെ ലാഭം 92 കോടി രൂപയുടെ സ്ഥാനത്തുനിന്ന് 394 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. നികുതിയിനത്തിൽ 14 കോടി രൂപ കിട്ടിയിരുന്നത് ഇപ്പോൾ 54 കോടി

രൂപയായി വർദ്ധിച്ചിരിക്കുന്നു. ലോട്ടറിയെടുക്കുന്നത് ഭാഗ്യം ലഭിക്കുന്നതിനും ഒരു ജീവൻ കൊടുക്കുന്നതിനുമാണെന്നുള്ള യാഥാർത്ഥ്യം അല്ലെങ്കിൽ ഒരനുഭവം കേരളത്തിലെ ജനങ്ങൾക്കുണ്ടായിരിക്കുന്നുവെന്നുള്ളത് സന്തോഷകരമാണ്. വൃക്ക രോഗികൾ, ക്യാൻസർ, ഹൃദ്രോഗം, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ച് സാമ്പത്തികമായി കഷ്ടപ്പെടുന്നവർ ചികിത്സയ്ക്കുവേണ്ടി ബുദ്ധിമുട്ടുമ്പോൾ നിരാശയിൽനിന്ന് കരകയറാനുള്ള ഒരു വലിയ കാര്യമാണ് കാരുണ്യ ലോട്ടറിവഴി ലഭ്യമായിട്ടുള്ളത്. ഒരു തുണ്ട് ഭൂമിയില്ലാത്ത ആളുകൾക്ക് ഫ്ളാറ്റ് നിർമ്മിച്ചുകൊടുത്ത 'സാഫല്യ' പദ്ധതി ഏവരാലും അഭിനന്ദിക്കപ്പെടേണ്ട കാര്യമാണ്. പ്രാദേശിക വികസനത്തെ സംബന്ധിച്ചിടത്തോളം എല്ലാവരും ആഗ്രഹിക്കുന്ന കാര്യങ്ങളാണ്.............. പ്രാദേശിക വികസനത്തിനുള്ള 75 ലക്ഷം രൂപ ഒരുകോടി രൂപയായി വർദ്ധിപ്പിച്ചുതന്ന ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ. എം. മാണി. നമ്മുടെ നിയോജകമണ്ഡലങ്ങളിൽ വികസനമുണ്ടാകണമെന്നുള്ള അങ്ങേയറ്റത്തെ ആത്മാർത്ഥമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും അഞ്ചുകോടി രൂപ നല്കുകയും അങ്ങനെ 25 കോടിരൂപ ഒരു നിയോജകമണ്ഡലത്തിൽ ഒരു എം.എൽ.എ പ്രൊപ്പോസ് ചെയ്യുന്ന 10 വർക്കുകൾക്ക് ഓരോ വർഷവും നല്കുകയും ചെയ്തുകൊണ്ട് അതിനുവേണ്ടി 705 കോടിരൂപ സംസ്ഥാന ബഡ്ജറ്റിൽ മാറ്റിവച്ച മന്ത്രിയെക്കുറിച്ച് നല്ലൊരുവാക്ക് പറയാൻ തയ്യാറായില്ലെങ്കിലും ആക്ഷേപിക്കരുതെന്നാണ് എന്റെ പ്രിയപ്പെട്ട ഇടതുപക്ഷ സുഹൃത്തുക്കളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മാനേജുമെന്റുകളുമായി നന്നായിപ്പോകുന്ന ഈ പദ്ധതികളൊക്കെ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. അതിലൊക്കെ വളരെയേറെ സന്തോഷമുണ്ട്. ശ്രീ. കെ. എം. മാണി എം.എൽ.എ-മാർക്കായി പ്രത്യേക വികസന പാക്കേജ് കൊണ്ടുവന്നപ്പോൾത്തന്നെ ഏത് ദിവസം അപേക്ഷ കൊടു

ക്കണം, ഏത് ദിവസം പ്രോസസ്സ് ചെയ്യണം, ഏത് ദിവസം എസ്റ്റിമേറ്റ് തയ്യാറാക്കണം, ഏത് ദിവസം എ.എസും ടി.എസും കൊടുക്കണം എന്നിവ സംബന്ധിച്ച് വളരെ വ്യക്തമായ നിർദ്ദേശം ധനകാര്യ വകുപ്പ് കൊടുത്തിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.........

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇവിടെ പ്രസംഗിച്ച എല്ലാവരും മൂന്നു -നാല് മിനിട്ട് അധികമെടുത്താണ് പ്രസംഗിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മിനിട്ടിൽ കൂടുതൽ ഒരാൾക്കും കൊടുക്കുന്നില്ല. പ്ലീസ്......

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ അവസാനിപ്പിക്കാം. നമ്മുടെ പദ്ധതികളും ബാക്കികാര്യങ്ങളും ഇനിയും കുറേക്കൂടി നല്ല നിലയിൽ നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നതിനുശേഷം ........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........

ശ്രീ. തോമസ് ഉണ്ണിയാടൻ: നമ്മുടെ സംസ്ഥാനത്ത് ഉദ്യോഗസ്ഥതലത്തിൽ ധാരാളം അലംഭാവം ഉണ്ടാകുന്നുണ്ട്. അത് നമ്മുടെ നടപടിക്രമത്തിന്റെ ഭാഗംകൂടിയാണ്. സെക്രട്ടേറിയറ്റിൽ ഓരോ ഫയലുകളും നീങ്ങുന്നതിന് വലിയ കാലതാമസമെടുക്കുന്നു. അവിടെ സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി എന്നിങ്ങനെയുള്ള ഉദ്യോഗസ്ഥരുണ്ട്. ഒരു ഫയൽ സെക്ഷൻ ഓഫീസറുടെ അടുത്തുചെന്നാൽ അവിടെനിന്നും ഈ ഉദ്യോഗസ്ഥരുടെ പക്കൽനിന്നും എട്ടാമത്തെ ആളായ പ്രിൻസിപ്പൽ സെക്രട്ടറിയുടെ

അടുത്തെത്തുമ്പോൾ ഒരു നോട്ടിടും. ആ കുറിപ്പ് താഴോട്ട് പരിഗണിക്കാൻ വരുമ്പോൾ ഈ കടമ്പകളെല്ലാം കടന്നു വരണം. ഈ കുറിപ്പിൽ പറയുന്ന കാര്യങ്ങളെല്ലാം പരിഹരിച്ച് താഴെ സെക്ഷൻ ഓഫീസറുടെ അടുത്തെത്തുമ്പോൾ മൂന്നോ നാലോ മാസമെടുക്കും. ഒരു വർക്കിന് എ. എസ് കിട്ടണമെന്നുണ്ടെങ്കിൽ, തീരുമാനമുണ്ടാകണമെങ്കിൽ ഇത്തരത്തിലുള്ള ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യമാണുള്ളത്. ഇതിന് പരിഹാരമുണ്ടാകണം. അനാവശ്യമായി എല്ലാ ഫയലുകളും എല്ലാ ഉദ്യോഗസ്ഥരും കാണണമെന്നുള്ള പിടിവാശി അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. അത് മാറ്റിക്കൊണ്ട് സെക്രട്ടേറിയറ്റ് തലത്തിൽ ഇത്തരത്തിൽ ഫയലുകളിന്മേൽ തീർപ്പുകല്പ്പിക്കുന്നതിന് അനാവശ്യമായുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ഭരണ പരിഷ്ക്കാരങ്ങൾ...... റിപ്പോർട്ടുകൾ പലതും വന്നിട്ടുണ്ട്. നമുക്ക് ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആദരണീയനും പരിണിതപ്രജ്ഞനും വളരെ സമർത്ഥനുമാണെന്ന് എല്ലാവരാലും അംഗീകരിക്കപ്പെട്ടിട്ടുള്ള കെ. എം. മാണി സാറിന്റേയും ശ്രീ. ഉമ്മൻ ചാണ്ടിയുടേയും നേതൃത്വത്തിൽ ഇത്തരം കാര്യങ്ങൾകൂടി ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സാമ്പത്തിക സുരക്ഷിതത്വം നിലനിറുത്തിക്കൊണ്ട് വികസന രംഗത്ത് വലിയ കുതിപ്പുണ്ടാക്കുവാൻ ധനകാര്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പേരിൽ പരിണിതപ്രജ്ഞനും അഭിവന്ദ്യനുമായ ധനകാര്യ വകുപ്പുമന്ത്രി അഭിനന്ദനമർഹിക്കുന്നു. റവന്യൂ വരുമാനത്തിൽ ഒരു വർഷംകൊണ്ട് മുൻവർഷത്തെക്കാൾ 20 ശതമാനം വർദ്ധനവാണുണ്ടായത്. ഇത് മികച്ച ധനകാര്യ മാനേജുമെന്റിന് ഉദാഹരണമാണ്. റവന്യൂ-ധനക്കമ്മികൾ കുറച്ചുകൊണ്ടുവരാൻ ശ്രീ. കെ. എം. മാണി സാറിന്റെ വിദഗ്ദ്ധമായ മാനേജുമെന്റിന് കഴിഞ്ഞു. സാമ്പത്തിക സ്റ്റേറ്റുമെന്റിന്റെ കാര്യത്തിൽ ഇന്ന് രാഷ്ട്രത്തിന്റെ പ്രഥമ പൗരനാകാൻ പോകുന്ന മുൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പ്രണബ് മുഖർജിയുടെ പ്രശംസ ലഭിച്ചത് കേരള സംസ്ഥാനത്തിനാണ്. ഈ സാമ്പത്തിക വർഷത്തെ പുതുതായി കണ്ടെത്തേണ്ട ചെലവുകളുടെ കാര്യങ്ങൾ പരിശോധിച്ചാൽ, എല്ലാം ജനക്ഷേമകരവും കാലോചിതവുമായ പദ്ധതികൾക്കുവേണ്ടിയാണെന്ന് നമുക്ക് കാണാൻ സാധിക്കും. അത്തരം ആവശ്യങ്ങൾക്കുവേണ്ടി പണം കണ്ടെത്തേണ്ടതും നീക്കിവയ്ക്കേണ്ടതും അനിവാര്യമാണ്. 600 കോടിയിൽപ്പരം രൂപയാണ് പുതിയ ആവശ്യങ്ങളുടെ നിവൃത്തിക്കുവേണ്ടി ഈ സപ്ലിമെന്ററി ഡിമാന്റ്സിലൂടെ കണ്ടെത്തേണ്ടിവരുന്നത്. അധികമായി വരുന്ന ആവശ്യങ്ങളുടെ സ്വഭാവം പരിശോധിച്ചാൽ ചലിക്കുന്നതും ഭാവനയുള്ളതുമായ ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇത് വളരെ വ്യക്തമാണ്. വീണ്ടും പുതിയ ആവശ്യങ്ങൾ വരികയും അവ നിവൃത്തിക്കുന്നതിനുവേണ്ടിയുള്ള പണം കണ്ടെത്താനുള്ള പരിശ്രമങ്ങളുണ്ടാകുകയെന്നുള്ളത് സ്വാഭാവികമാണ്. വ്യക്തമായ വീക്ഷണവും കാഴ്ചപ്പാടുമുള്ള ഒരു ഭരണകൂടമാണ് ഈ സംസ്ഥാനത്തുള്ളത്. സ്പോർട്ട്സ്മെൻ സ്പിരിറ്റോടുകൂടി കേരള ഭരണത്തെ മുന്നോട്ട് നയിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും വിദഗ്ദ്ധമായ സാമ്പത്തിക മാനേജുമെന്റിലൂടെ കേരളത്തിന്റെ സാമ്പത്തിക ഭദ്രത

ഉറപ്പുവരുത്തി മുന്നോട്ടുപോകുന്ന ധനകാര്യ വകുപ്പുമന്ത്രിയും സംസ്ഥാന ത്തിന്റെ അഭിമാനങ്ങളായി മാറിയിരിക്കുകയാണ്. അധികച്ചെലവുകളിൽ ചിലതുമാത്രം നമുക്ക് പരിശോധിക്കാം. ഇവിടെ ഇരുപക്ഷത്തുനിന്നുമായി ചർച്ചയിൽ പങ്കെടുത്തവർ അധികച്ചെലവുകളെ സംബന്ധിച്ചുള്ള കാര്യ ങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പ്രധാനമായും 'ഇ-കോർട്ട് പ്രോജക്ട്' നമ്മുടെ നീതിന്യായ വ്യവസ്ഥയിൽ ഒരു പുതിയ സംഗതിയാണ് 'Delayed Justice is equal to denial of Justice'- ആണെന്ന് നമുക്കറിയാം. 'വൈകി വരുന്ന നീതി, നീതിനിഷേധത്തിന് തുല്യമാണ്'- എന്നുള്ള ആപ്തവാക്യം നിയമവൃത്തങ്ങളിൽ എന്നും ചർച്ച ചെയ്യപ്പെടുന്നുണ്ട്. പക്ഷേ ഇവിടെ നീതി വൈകി മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇന്റർനെറ്റിന്റേയും ഇ-മെയിലിന്റേയും ഈ കാലഘട്ടത്തിൽ കോടതിയുടെ നടപടിക്രമങ്ങൾ 18-ാം നൂറ്റാണ്ടിൽതന്നെയാണ്. സി.ആർ.പി.സി.-യും സി.പി.സി.-യും സായിപ്പിന്റെ കാലത്തെ നടപടിക്രമങ്ങളാണ്. അന്നുണ്ടായിരുന്ന ടെക്നോ ളജി മാത്രമാണ് ഇന്നും നമ്മുടെ കോടതികളിൽ പറയുന്നത്. ദ്രുതഗതി യിൽ വ്യവഹാരങ്ങൾക്ക് തീർപ്പുകൽപ്പിക്കാൻ സാധിക്കണം. അതിന് 'ഇ-കോർട്ട്' പദ്ധതി ഉപകരിക്കും. അധികമായി പണം വകയിരുത്തുന്നത് ആ ഒരു പദ്ധതിക്കുവേണ്ടിയാണ്. അതോടൊപ്പം ഈ രംഗത്ത് ചില പുതിയ പരിഷ്ക്കാരങ്ങളെ സംബന്ധിച്ചും നമ്മൾ ആലോചിക്കേണ്ടതുണ്ട് എന്ന് സാന്ദർഭികമായി ഞാനിവിടെ സൂചിപ്പിക്കുകയാണ്. അതുപോലെ 'Zero Landless Kerala'- എന്നത് ബൃഹത്തായ പദ്ധതിയാണ്. 'ഭൂരഹിത രില്ലാത്ത കേരളം'- എത്ര സുന്ദരമായ മുദ്രാവാക്യമാണ്. പാവപ്പെട്ടവന് അടിസ്ഥാന വർഗ്ഗത്തിന് നമ്മൾ പാടാറുള്ളതുപോലെ

'പാമ്പുകൾക്ക് മാളമുണ്ട്,
പറവകൾക്കാകാശമുണ്ട്,
മനുഷ്യപുത്രന് തല ചായ്ക്കാൻ

മണ്ണിലിടമില്ല□ എന്നുപറയുന്ന മോഹങ്ങൾ മരവിച്ച, സ്വപ്നങ്ങൾ കാണാൻ കഴിയാത്ത, സ്വന്തമായി ആറടി മണ്ണുപോലുമില്ലാത്ത ഒരു ജനവിഭാഗത്തിന് ഭൂമി നൽകുവാൻ, ഭൂമിയില്ലാത്ത ഒരു കേരളീയൻ ഇല്ലാത്ത ഒരു സാഹചര്യമുണ്ടാക്കാൻവേണ്ടി ഈ ഗവൺമെന്റ് ശ്രമിക്കുകയാണ്. അതിനെ പലരും ഇവിടെ നിസ്സാരമായിട്ട് കാണുന്നു. അങ്ങനെ കാണേണ്ടിവരും. കാരണം ഈ ഗവൺമെന്റ് പാവപ്പെട്ടവന് ഭൂമി നല്കാൻ ശ്രമിക്കുമ്പോൾ പ്രതിപക്ഷത്തുള്ളവരുടെ സമീപനം എന്താണ്? നന്ദിഗ്രാമും, സിംഗൂറും നമ്മുടെ മുമ്പിലുണ്ട്. പാവപ്പെട്ടവന്റെ ഭൂമി പിടിച്ചെടുക്കാനാണ് അവിടത്തെ മാർക്സിസ്റ്റ് ഭരണകൂടങ്ങൾ ശ്രമിച്ചതെങ്കിൽ പാവപ്പെട്ടവന് ഭൂമി നൽകാനാണ് ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഭരണകൂടം ശ്രമിക്കുന്നത് എന്നുള്ളതാണ് നമ്മൾ കാണേണ്ട കാതലായ മാറ്റം. അവിടെ ഭൂമി പിടിച്ചെടുത്തു എന്നു മാത്രമല്ല ഏറ്റവും വലിയ കമ്മ്യൂണിസ്റ്റ് വിരുദ്ധരായ ഇന്തൊനേഷ്യയിലെ കമ്മ്യൂണിസ്റ്റുകളെ കൂട്ടക്കൊല ചെയ്ത സലിം ഗ്രൂപ്പിന് ഭൂമി കൊടുക്കാൻ പാവപ്പെട്ട കമ്മ്യൂണിസ്റ്റുകളെയാണ് ബംഗാളിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടം കശാപ്പുചെയ്തത്. കമ്മ്യൂണിസ്റ്റുകളെ എന്ന് ഞാൻ പറയുന്നത് ആ പാവങ്ങൾ അരിവാൾ ചുറ്റിക നക്ഷത്രത്തിൽ മാത്രമാണ് പതിറ്റാണ്ടുകളോളം വോട്ട് ചെയ്തത്, മറ്റാർക്കുമായിരുന്നില്ല. തങ്ങൾ സഹായിക്കേണ്ട, പിന്തുണയ്ക്കേണ്ട അടിസ്ഥാന വർഗ്ഗത്തിനെയാണ് നന്ദിഗ്രാമിലും സിംഗൂരിലും കുടിയൊഴിപ്പിക്കുന്നതിന് ബംഗാളിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടം നേതൃത്വം കൊടുത്തത്. അതിന്റെ പരിണിതഫലം അവർ അനുഭവിച്ചു. മുഖ്യമന്ത്രിക്കുപോലും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കെട്ടിവച്ച കാശ് ലഭിച്ചില്ല. അതുപോലെതന്നെ ഇവിടെ അധിക വിഭവസമാഹരണം കണ്ടെത്തുന്നത്, അധികമായി പണം കണ്ടെത്തേണ്ടിവരുന്നത് നമ്മുടെ ക്ഷേത്രകലകളെ പരിപോഷിപ്പിക്കുന്നതിനാണ്. അത് കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകത്തിന്റെ ഭാഗമാണ്. അത് ഏറെ അഭിനന്ദനമർഹിക്കുന്ന ഒരു സംഗതി കൂടിയാണ്. അതുപോലെതന്നെ കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ വ്യവ

സ്ഥാപിതമായി സ്ഥാപിക്കുന്നതിനുവേണ്ടിയാണ് അധികമായി ഇവിടെ പണം വിനിയോഗിക്കുന്നത്. കേരളത്തിലെ യുവാക്കളെ സംബന്ധിച്ചിട ത്തോളം യുവാക്കൾക്കുവേണ്ടി വലിയ ഗീർവാണ പ്രസംഗങ്ങൾ നടത്തു ന്നവരുണ്ട്. യുവാക്കൾക്കുവേണ്ടി അതുചെയ്തു ഇതുചെയ്തു എന്നൊക്കെ പറയുന്നവരുണ്ട്. ഞാൻ ചോദിക്കട്ടെ, യൂത്ത് കമ്മീഷൻ എന്ന് പറയുന്നത് ഇന്ത്യയിലെത്തന്നെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃക യാണ്. യുവാക്കൾ ഇന്ന് നേരിടുന്ന ഒരുപാട് പ്രശ്നങ്ങളുണ്ട്. ആ പ്രശ്ന ങ്ങളെ അഭിമുഖീകരിക്കുന്നതിനുവേണ്ടി യുവാക്കൾക്ക് പ്രതീക്ഷ നൽകുന്ന ഒരു യൂത്ത് കമ്മീഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമുണ്ട്. അതിനുവേണ്ടി പണം സമാഹരിക്കുന്നു. വോളിബോൾ അക്കാഡമിക്കും സ്റ്റേഡിയങ്ങൾ നിർമ്മിക്കാനും വേണ്ടിയുള്ള പണമാണ് ഇവിടെ സമാഹരിക്കുന്നത്. ഒളിമ്പിക്സ് നടക്കുന്ന കാലമാണ്. കേരളത്തിലെ യുവതയുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി യുള്ള ഈ പരിശ്രമങ്ങളെ എങ്ങനെ പിന്തുണയ്ക്കാതിരിക്കും? അതു പോലെ തന്നെ പ്രത്യേകതയുള്ളത് പുതിയ നികുതി നിർദ്ദേശങ്ങളില്ലാതെ ഇവിടെ വികസനം സാദ്ധ്യമാക്കുന്നു എന്നതാണ്. സുസ്ഥിര മണ്ഡലം ആസ്തി വികസനത്തെ സംബന്ധിച്ച് പലരും ചൂണ്ടിക്കാണിച്ചു. ഒരു എം. എൽ.എ.-യ്ക്ക് 5 കോടി രൂപയുടെ പ്രവൃത്തി ലഭിക്കുന്നുവെന്നുള്ളത് ചെറിയ കാര്യമല്ല. എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം മണ്ഡല ത്തിലെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ അതുവഴി പരിഹരിക്കാൻ കഴിയുന്നുവെ ന്നുള്ളതാണ്. ഇതൊക്കെപറയുമ്പോൾ ഇതിനിടയിൽ ഒരു പത്രവാർത്ത ഞാൻ ശ്രദ്ധിക്കുകയുണ്ടായി. കേരളത്തിലെ സി.പി.എം.-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ കേരള നിയമസഭയിലുള്ള നമ്മുടെ സഹപ്രവർത്തകരായ എം.എൽ.എ.-മാരെ പരസ്യമായി വിമർശിച്ചതായി പത്രവാർത്തയുണ്ടായിരുന്നു. എന്താ കാരണം; എം.എൽ.എ.മാർ കൊള്ളില്ല, അവർക്ക് ഈ സർക്കാരിനെ പ്രതിക്കൂട്ടിലാക്കാൻ കഴിയുന്നി ല്ല, അവസരങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. എന്തിനാണ്

ശ്രീ. പിണറായി വിജയൻ എം.എൽ.എ.-മാരെ കുറ്റം പറയുന്നത്? അവർ ആവുന്നതൊക്കെ നോക്കുന്നുണ്ട്. അവരെക്കൊണ്ട് കിട്ടാവുന്ന ചെറിയ പ്രശ്നങ്ങളൊക്കെ നന്നായി ഊതിവീർപ്പിച്ച് സഭാന്തരീക്ഷത്തിൽ പ്രക്ഷോഭമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. എം.എൽ.എ.-മാരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. യഥാർത്ഥ വസ്തുത ശ്രീ. പിണറായി വിജയൻ കാണണം. ഈ സർക്കാരിനെതിരെ, ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം നൽകുന്ന ഗവൺമെന്റി നെതിരെ ഒന്നുംപറയാനില്ലാത്തുകൊണ്ടാണ് നിരായുധരായി പ്രതിപക്ഷ ത്തിന് ഇരിക്കേണ്ടി വരുന്നത്. അല്ലാതെ പ്രതിപക്ഷത്തുള്ളവർ മോശക്കാരാണ് എന്ന അഭിപ്രായം ഞങ്ങൾക്കില്ല. നല്ല സാമാജികരാണ്. കിട്ടാവുന്ന വിഷയങ്ങളൊക്കെ അവർ ഉയർത്തിക്കാണിക്കുന്നുണ്ട്. പക്ഷേ അതൊരു വലിയ പ്രശ്നമായി, അതൊരു പ്രക്ഷോഭമായി തോന്നാ തിരിക്കുന്നത്, സർക്കാരിനെ പ്രതിക്കൂട്ടിലാക്കാൻ കഴിയാതിരിക്കുന്നത്, ഈ ഗവൺമെന്റിന്റെ ഗുഡ് ഗവേണൻസ് കൊണ്ടാണ്. അതാണ് പിറ വത്തും നെയ്യാറ്റിൻകരയിലുമൊക്കെ നമുക്ക് കാണാൻ സാധിച്ചത്. ഇതൊക്കെ പറഞ്ഞുവരുമ്പോൾ സി.പി.എം.-ലെ സ്ഥിതിഗതികൾ വളരെ രസാവഹമാണ്. ഇവിടെ എന്തെല്ലാം പുകിലായിരുന്നു. കേന്ദ്ര കമ്മിറ്റി ഒന്നു കഴിഞ്ഞോട്ടെ; കേന്ദ്ര കമ്മിറ്റി കഴിഞ്ഞാൽ അതാക്കും ഇതാക്കുമെ ന്നൊക്കെ പറഞ്ഞവരുണ്ട്. ഇവിടെ ഇരിക്കുന്ന പല ആളുകളെയും.... അവരോടുള്ള ബഹുമാനംകൊണ്ട് അവരുടെ പേരുകളൊന്നും പറയുന്നി ല്ല. അവരൊക്കെ പ്രതീക്ഷിച്ചുപോയതാണ്. പ്രതിപക്ഷനേതാവിനെ പുറ ത്താക്കണമെന്നുപറഞ്ഞവരുണ്ട്. പടിയടച്ച് പിണ്ഡം വയ്ക്കണ മെന്ന് പറഞ്ഞവരുണ്ട്. ഒന്നും നടന്നില്ല. ഔദ്യോഗിക പക്ഷത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ദിവസത്തെ കേന്ദ്ര കമ്മിറ്റി കേവലം അവ രുടെ വാട്ടർലൂ ആയിരുന്നു. കളിയാക്കുകയല്ല ചെയ്തത്. പരസ്യമായ ശാസന എന്നുപറഞ്ഞാലെന്താണ്? അതൊരു ശിക്ഷയാണ്. പരസ്യമായ ശാസന എന്നുപറഞ്ഞാൽ നാണം കെടുത്തലാണ്..........(ബഹളം)....... എന്തൊക്കെയായിരുന്നു മാർക്ക്. എന്താണ് ശ്രീ. വി.എസ്. അച്യുതാനന്ദന്

എതിരെ ഉണ്ടായിരുന്ന ചാർജ്ജ്? ടി. പി. ചന്ദ്രശേഖരന്റെ വീട്ടിൽപോയി, രമയെ കണ്ടു ഇതായിരുന്നില്ലേ തെറ്റ്. തീർന്നില്ല.......(ബഹളം).....പിന്നെ പറഞ്ഞു, സംസ്ഥാന സെക്രട്ടറിയെ ഡാങ്കെയോട് ഉപമിച്ചുവെന്ന്........(ബഹളം)......എന്നിട്ടും സഖാവ് വി.എസ്. അച്യുതാനന്ദൻ യോഗത്തിന് പോകുമ്പോൾ പറഞ്ഞത്, നടപടിയുണ്ടെങ്കിൽ കാണട്ടെ എന്നാണ്. എന്റെ സ്നേഹിതൻ ശ്രീ.പി.സി. വിഷ്ണുനാഥ് ഇവിടെ വായിച്ചു- നടപടി വരുമ്പോഴും സഖാവ് അച്യുതാനന്ദന്റെ പ്രസംഗത്തെക്കുറിച്ച്..... സ്വയം വിമർശനാത്മകമായ പ്രസംഗമാണെന്ന് നിങ്ങൾ പറഞ്ഞു. ഈ പ്രസംഗം സ്വയം വിമർശനാത്മകമായ പ്രസംഗമാണെന്ന്. ഈ പ്രസംഗം അദ്ദേഹത്തിന്റെ സ്വയം വിമർശനാത്മകമായ പ്രസംഗമല്ല. അത് അപ്പുറത്തിരിക്കുന്ന വേറെ ചിലർക്ക് സ്വയം വിമർശനാത്മകമായിരിക്കും. പ്രസംഗം നടത്തിയെന്നുമാത്രമല്ല, അത് പത്രങ്ങൾക്ക് ചോർത്തിക്കൊടുക്കുകയും ചെയ്തു. പഴയ പാർട്ടികോൺഗ്രസ്സിലുള്ള അതേ ആരോപണം ഇന്നും ആവർത്തിക്കപ്പെട്ടിരിക്കുകയാണ്. എന്നിട്ട് ശിക്ഷയോ; ശിക്ഷ ശാസനയാണ്. അതിനപ്പുറത്തേക്കില്ല. ഞാനൊരു കാര്യം പറയാം. സഖാവ് പിണറായി വിജയനെ ഇനി കേരളത്തിലെ സി.പി.എം.-കാർക്ക് ഡാങ്കെ വിജയനെന്നു വിളിക്കാൻ കഴിയും. കാരണം അദ്ദേഹത്തെ ഡാങ്കെ എന്നു വിളിച്ചാൽ അതൊരു കുറ്റമോ തെറ്റോ അല്ലയെന്നാണ് കേന്ദ്ര കമ്മിറ്റി പറഞ്ഞിരിക്കുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, പ്രസംഗം ചോർത്തികൊടുത്തതല്ല. നേരെ കൊടുത്തതാണെന്നുള്ള കാര്യം അങ്ങേക്കറിയുമോ?

<u>ശ്രീ. എം. ഷംസുദ്ദീൻ:</u> ........(ബഹളം)............സർ, ചോർത്തിയതല്ല. ശരിയാണ്. ഞാനവരുടെ ഭാഗത്തുനിന്നുകൊണ്ടാണ് പറഞ്ഞത്. ഒരു കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം അത് ചോർത്തലാണ്. പക്ഷേ ഇത് നേരെ കൊടുത്തതാണ്. വേറെ രസകരമായ ഒരുപാട് സംഗതിയുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ഏറനാടൻ തമാശകൾ- ഇന്ന് ഇതാ ശ്രീ.

പിണറായി വിജയൻ കൂടെയില്ല. അദ്ദേഹം കുടുങ്ങാൻ പോകുകയാണ്. സഖാവ് ടി.കെ. ഹംസ, ഇങ്ങനെ ചില കുടുങ്ങൽ കുടുങ്ങുമ്പോൾ ഞങ്ങൾക്കൊക്കെ അതിൽ ചെറിയ സന്തോഷമുണ്ട്. കാരണം ഞങ്ങളെയൊക്കെ ഒരുപാട് പ്രയാസപ്പെടുത്താൻ ശ്രമിച്ച ആളുകളാണ്. കോലിട്ട് ഇളക്കുന്ന അദ്ദേഹത്തെ പുറത്താക്കണമെന്നാണ് പറഞ്ഞത്. അദ്ദേഹം പുറത്തല്ല. അദ്ദേഹം അകത്താണ്. കോലിട്ട് ഇളക്കുന്ന ആളുകൾക്കെതിരെ പുതിയ പുതിയ തീരുമാനങ്ങൾ വരാൻ പോകുകയാണ്. അതുകൊണ്ട് എന്റെ സംസാരം ദീർഘിപ്പിക്കുന്നില്ല. സി.പി.എം.-നെ ഞങ്ങൾക്ക് ഓർമ്മപ്പെടുത്തുവാനുള്ളത് ഇവിടെ ചില തിരിച്ചറിവുകളും ഇതിന്റെ ഭാഗമായിട്ട് ഉണ്ടാകുന്നുണ്ട്. പ്രകാശ് കാരാട്ടും സീതാറാം യെച്ചൂരിയും പഠിച്ച ജെ.എൻ.യു (ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി) യിൽ എന്നും എസ്.എഫ്.ഐ പ്രബലമായ ഒരു വിദ്യാർത്ഥി.......എം.എസ്.എഫ് ഉണ്ടെന്ന് ഞാൻ അവകാശപ്പെട്ടിട്ടില്ല. നിങ്ങളുണ്ടായിരുന്നു. ഇന്ന് നിങ്ങളില്ല. പിരിച്ചുവിട്ടു എന്നത് മനസ്സിലാക്കണം. നിങ്ങൾ എന്തിനാണ് പിരിച്ചുവിട്ടത്. നിങ്ങളുടെ നയ സമീപനങ്ങളിലുള്ള എതിർപ്പ്. പിന്നെ പറയുന്നത് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തതുകൊണ്ടാണെന്ന്. സത്യത്തിൽ അവിടെ നിങ്ങൾ ഇളിഭ്യരായി നിൽക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഒരു കാര്യം മാത്രം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇവിടെ നടന്ന പ്രകടനങ്ങൾ ഒക്കെയുണ്ടല്ലോ; ഈ ധിക്കാരം ഒരു ജനായത്ത സംവിധാനത്തിൽ ആരും അംഗീകരിച്ചുതരില്ല. ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടകളുമല്ല ഒരു പാർട്ടിയെ നയിക്കാൻ വേണ്ടത്. ഒരു പാർട്ടിയെ നയിക്കാൻ വേണ്ടത് ജനകീയ ബോധമുള്ള, ജനകീയ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന, വിനയാന്വിതരായ നേതാക്കന്മാരെ മുന്നിൽ നിറുത്തിയേ സി.പി.(ഐ)എം-നെ പോലുള്ള ഒരു പ്രസ്ഥാനത്തിന് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ആ തിരിച്ചറിവ് കണ്ണൂർ ലോബിക്ക് ഇല്ലാത്തിടത്തോളം കാലം നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല എന്ന് മാത്രം ഓർമ്മപ്പെടുത്തികൊണ്ട് ഇവിടെ മാണി സാറിന്റെ ഉപധനാഭ്യർത്ഥനകളെ,

ധനകാര്യവകുപ്പ് അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് അപ്പുറത്തുനിന്നും കാണുന്ന ആക്രോശങ്ങളൊക്കെ കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുമ്പോൾ.....(ബഹളം)........അതുപോലെ തന്നെ, വളരെവലിയ നടപടികളെ നേരിടേണ്ടിവരുന്നതിനുള്ള ബഹളവും പ്രായാസവും മൂലമാണെന്നും അത് മനസ്സിലാക്കാനുള്ള വിശാലത ഞങ്ങൾക്കുണ്ട് എന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ദേശീയതലത്തിലും സംസ്ഥാനങ്ങളിലേയും സാമ്പത്തിക വളർച്ചാനിരക്ക് മുരടിക്കുകയും സമ്പദ്‌വ്യവസ്ഥ ഒരുപാട് പ്രതിസന്ധികളെ നേരിടേണ്ടി വരികയും ചെയ്ത ചില പ്രത്യേക കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോയത്. അതിനെ അതിജീവിക്കാൻ സമയാസമയങ്ങളിൽ ഇടപെടാനും ദേശീയ ഗവൺമെന്റിനും നമ്മുടെ സംസ്ഥാന ഗവൺമെന്റിനും കഴിഞ്ഞതുകൊണ്ടാണ് നമ്മുടെ സാമ്പത്തികാവസ്ഥയെ ഒരു പരിധിവരെ കൺസോളിഡേറ്റ് ചെയ്യാൻ നമുക്ക് കഴിഞ്ഞത്. ഇന്ന് ഇവിടെ മുന്നോട്ടുവച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെല്ലാം സംസ്ഥാനത്തിന്റെ വികസനമേഖലകളിലും സാമൂഹ്യപുരോഗതിക്കും നിർണ്ണായകമായ സംഭാവനകൾ ചെയ്യാൻ കഴിവുള്ള കാര്യങ്ങളാണ്. കേരളത്തിൽ കഴിഞ്ഞ 14 മാസക്കാലത്തെ ഭരണം കൊണ്ട് ഈ ഗവൺമെന്റ് കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനമേഖലകളിൽ മൗലികമായ ചില സമീപനങ്ങളുള്ള ഒരു ഗവൺമെന്റാണ് എന്ന് തെളിയിച്ചിരിക്കുകയാണ്. ചില അടയാളങ്ങൾ, ചില സമീപനങ്ങൾ, എല്ലാം അത്തരം ഒരു വ്യത്യസ്തമായ ട്രാക്കിലൂടെയാണ്, വികസനകാര്യങ്ങളെയും സാമൂഹിക-സാമ്പത്തിക മേഖലയെയും ഈ ഗവൺമെന്റ് വീക്ഷിക്കുന്നത് എന്നുള്ള അതിരിക്തമായ ഒരു ചിന്തയും ആ ചിന്താസരണിയിലൂടെയുള്ള ഒരു യാത്രയും തീർച്ചയായും ഇവിടെ പ്രകമടമായിട്ടുണ്ട്. ഇവിടെ നമ്മളെല്ലാം മനസ്സിലാക്കേണ്ട ചില കാര്യങ്ങളുണ്ട്. നമ്മൾ എവിടെ എത്തി നിൽക്കുന്നു; എന്താണ് കേരളത്തിന്റെ സ്ഥിതി എന്ന് നമ്മൾ ഇപ്പോഴും ഒരു പരിശോധനയ്ക്ക് തയ്യാറാകുന്നില്ല. നമ്മൾ ഇപ്പോഴും പഴയ കേരള മോഡലിന്റെ ഹാങ് ഓവറിലാണ്. കേരള മോഡലിനെക്കുറിച്ച് മാത്രമാണ് ഇപ്പോഴും സംസാരിക്കുന്നത്. കേരള മോഡൽ നമുക്ക് അഭിമാനകരമായ ഒന്നായിരുന്നു. പക്ഷേ കാലാനുസൃതമായ മാറ്റങ്ങൾക്ക് കേരള മോഡൽ പദ്ധതികൾ വിധേയമാകാത്തതുകൊണ്ട് കാലഹരണപ്പെട്ടുപോയിരിക്കുകയാണ്.

നമ്മുടെ പ്രധാനപ്പെട്ട മേഖലകളായ ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, ജലസേചനം, അടിസ്ഥാന സൗകര്യ മേഖല ഇതെല്ലാം ഗുരുതരമായ പ്രതി സന്ധികളെ നേരിടുകയാണ്. വളരെ എളുപ്പത്തിൽ പറയാൻ കഴിയും. ഞങ്ങൾ ചെയ്യുന്നതെല്ലാം ശരിയാണ്. നിങ്ങൾ ചെയ്തതെല്ലാം തെറ്റാണ് എന്ന്. ഇതു മാറിമാറി പറഞ്ഞുകൊണ്ടുള്ള ഒരു മൽസരം മാത്രമാണ് യഥാർത്ഥത്തിൽ ഇന്ന് നടക്കുന്നത്. കോർ മേഖലയിൽ സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചില വിഷയങ്ങളിൽ നമുക്ക് ഒരു സമന്വയം ഉണ്ടാകുന്നതിന് എന്താണ് തടസ്സം എന്ന് മനസ്സിലാ കുന്നില്ല. രാഷ്ട്രീയമായ പലവിഷയങ്ങളിലുമുള്ള അതിപ്രസരം നമ്മുടെ ഭരണകർത്താക്കളെയും രാഷ്ട്രീയപ്രവർത്തകരെയും അവരുടെ വിശ്വാസ്യത ജനങ്ങളുടെ ഇടയിൽ താഴ്ത്തിക്കൊണ്ടുവരുന്നതിന് സഹായകരമായി ട്ടുണ്ട് എന്ന് നമ്മൾ തിരിച്ചറിയണം. അതുകൊണ്ട് ജനങ്ങളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട- ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, ജലസേചനം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ചില പ്രധാനപ്പെട്ട മേഖലകളിൽ നമുക്ക് സമന്വയമുണ്ടാകണം. എല്ലാകാര്യങ്ങളിലും കരുതൽ വേണം. സാമൂഹ്യക്ഷേമപദ്ധതികളിൽ പൊതുവായ ഒരു സമീപനം നമുക്ക് വേണം. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട് രൂക്ഷമായ രാഷ്ട്രീയ അതിപ്രസരമുള്ള സംസ്ഥാനമാണ്. അവിടെ പൊതുവായ ചില കാര്യങ്ങളിൽ ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള പ്രധാനപ്പെട്ട രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള ധാരണകളും സമന്വയവും തമിഴ്നാടിന്റെ സമ്പദ് വ്യവസ്ഥയ്ക്കും സാമൂഹ്യസാമ്പത്തിക പുരോഗതിക്കും ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. നമ്മൾ കാർഷികമേഖലയെക്കുറിച്ച് പരിതപിക്കുകയാണ്. ഇവിടെ മുൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മുല്ലക്കര രത്നാകരൻ കാര്യങ്ങൾ സൂചിപ്പിച്ചു. നമ്മുടെ കൃഷി സ്ഥലം, ഉല്പാദനം, ഉല്പാദനക്ഷമത ഇവയെല്ലാം കുറഞ്ഞുവരുന്നു. കൃഷി നമ്മുടെ സംസ്കാരത്തിന്റെ ഭാഗമല്ലാതായിക്കൊണ്ടിരിക്കുകയാണ്. അത് നമ്മുടെ സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും ഭാഗമായിരുന്നു.

ഇപ്പോൾ ജീവിതത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും അത് വേർപെട്ട് നിൽക്കുകയാണ്. 2004-05-ലുണ്ടായിരുന്ന മൊത്തം ജി.എസ്.ഡി.പി-യുടെ അഗ്രിക്കൾച്ചറിനും അലൈഡ് ഇൻഡസ്ട്രിക്കുമുള്ള ഷെയർ വളരെ ഗണ്യമായ തോതിലാണ് കുറഞ്ഞത്; 17.48 ശതമാനത്തിൽനിന്നും 10.59 ശതമാനത്തിലേയ്ക്ക് കുറഞ്ഞു. അതുപോലെ 1970-കളുടെ തുടക്കത്തിൽ 12-12.5 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നത് ഇപ്പോൾ 2 ലക്ഷം ഹെക്ടർ സ്ഥലത്തായി കുറഞ്ഞിരിക്കുന്നു. ഏരിയ ഓഫ് കൾട്ടിവേഷൻ മാത്രമല്ല, ഉല്പാദനവും ഉല്പാദനക്ഷമതയും ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. കൃഷി ചെയ്ത് ജീവിക്കാൻ കഴിയുമെന്നുള്ള ആത്മവിശ്വാസം കർഷകന് പകർന്നുകൊടുക്കാൻ നമുക്ക് കഴിയണം. അതാണ് നമ്മുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വം. കർഷകർ പ്രതിസന്ധിയിലാകുമ്പോൾ ഗവൺമെന്റിന്റെ പിന്തുണയും സഹായവുമുണ്ടാകുമെന്നുള്ള ആത്മവിശ്വാസം അവരിലേയ്ക്ക് പകർന്നുകൊടുക്കാൻ നമുക്ക് കഴിയണം. ഇത്തരം കാര്യങ്ങളിലെല്ലാം പൊതുവായ ധാരണകൾ നമുക്കുണ്ടാകണം. നമ്മുടെ ആരോഗ്യരംഗം എങ്ങോട്ടാണ് പോകുന്നത്? ലോകത്തെല്ലായിടത്തും ഇപ്പോൾ പുതിയ ആശയങ്ങൾ വരികയാണ്. സാമ്പത്തികമായി മുന്നോക്കം നിൽക്കാത്ത, അല്ലെങ്കിൽ അഡ്വാൻസ് ചെയ്യാത്ത പല രാജ്യങ്ങളിലും ആരോഗ്യരംഗത്ത് പ്രത്യേകമായ പരിഗണനകളും കരുതലുകളും അവർ കൊടുക്കുന്നു. 'യൂണിവേഴ്സൽ ഹെൽത്ത് കെയർ' എന്നത് ഇന്ന് ലോകത്തിലെ എല്ലാ രാജ്യങ്ങളിലെയും പ്രധാനപ്പെട്ട ഒരു സ്ലോഗനാണ്. യൂണിവേഴ്സൽ ഹെൽത്ത് കെയർ എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള അടിസ്ഥാനപരമായ മാറ്റത്തിന് നമ്മൾ തയ്യാറാകണം. നമ്മുടെ ഹെൽത്ത് ഡെലിവറി സിസ്റ്റത്തിന് ഊർജ്ജസ്വലതയും കാര്യക്ഷമതയും വിശ്വാസ്യതയുമുണ്ടാകണം. നമ്മുടെ നാട്ടിലെ മുതിർന്ന പൗരൻമാർ, നഗരങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും അകന്ന്

വിദൂരസ്ഥലങ്ങളിൽ താമസിക്കുന്നവർ, ആദിവാസികളെപ്പോലെയുള്ള ദുർബല വിഭാഗങ്ങൾ തുടങ്ങിയവരെയെല്ലാം ആരോഗ്യനയം പ്രത്യേക മായി ഫോക്കസ് ചെയ്യണം. ഈ ഗവൺമെന്റ് മരുന്ന് സൗജന്യമായി കൊ ടുക്കാനുള്ള വിപ്ലവകരമായ ഒരു തീരുമാനമെടുത്തു. ആ തീരുമാനം നട പ്പാക്കിയാൽ ഈ ഗവൺമെന്റ് ആരോഗ്യരംഗത്ത് ശ്രദ്ധേയമായ ഇടപെടൽ നടത്തിയ, ആർജ്ജവമുള്ള ഗവൺമെന്റായി ചരിത്രത്തിൽ മാറുമെന്ന കാര ്യത്തിൽ യാതൊരു സംശയവുമില്ല. ആരോഗ്യരംഗത്ത്, പബ്ലിക് സെക്ട റിൽ മാത്രമല്ല സ്വകാര്യമേഖലയിൽകൂടി സമഗ്രമായി ഇടപെടാൻ ഗവൺമെന്റ് തയ്യാറാകണം. മാനസികാരോഗ്യത്തിനും കൗൺസിലിം ഗിനും നിലവിലുള്ള സാമൂഹ്യ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ കൂടു തൽ പ്രാധാന്യം കൊടുക്കണം. ഇവിടെ വികസനത്തെക്കുറിച്ച് ചോദിച്ചു. നമ്മളെല്ലാം വികസനദാഹികളായ ആളുകളാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ജനപ്രതിനിധികളും ഭരണകർത്താക്കളും എല്ലാവരും വിക സനം വരണമെന്നാഗ്രഹിക്കുന്നവരാണ്. വികസന സങ്കല്പങ്ങൾ അടിമുടി മാറ്റിയെഴുതേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വലിയ വില്ലകളും ഷോപ്പിംഗ് കോംപ്ലക്സുകളും ആകാശത്തോളം ഉയർന്നു നിൽക്കുന്ന കെട്ടിടങ്ങളും വരുമ്പോൾ ഇതാണ് വികസനം എന്നുള്ള സങ്കല്പത്തി ലാണ് നമ്മൾ എത്തിനിൽക്കുന്നത്. അത് പലപ്പോഴും വികസനമാകുന്നില്ല. എറണാകുളത്തെയും പറവൂരിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുവേ ണ്ടി 100 കോടി രൂപയുടെ പദ്ധതിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സഹായത്തോടുകൂടി അംഗീകാരം തേടി. ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്തിന്റെ മാറ്റത്തിനുവേണ്ടിയാണ് നമ്മൾ ശ്രമിച്ചത്. ഈ പദ്ധതി പ്രഖ്യാപിച്ചപ്പോൾ കണ്ണഞ്ചിപ്പിക്കുന്ന വിലയ്ക്ക് സ്ഥലം വിറ്റ് ആ പ്രദേശത്തുനിന്നും ആളുകൾ ഒഴിഞ്ഞുപോകുന്നതായിട്ടാണ് ഞാൻ കണ്ടത്. എറണാകുളത്തും കോട്ടയത്തുമുള്ള വൻകിട റിയൽ എസ്റ്റേറ്റു കാർ ആ സ്ഥലം വാങ്ങിക്കൂട്ടുകയാണ്. ഒരുപക്ഷേ നാളെ അവിടെ വലിയ രമ്യഹർമ്മങ്ങളും ഷോപ്പിംഗ് കോംപ്ലക്സുകളും ഉയർന്നുവന്നേക്കാം.

പക്ഷേ അങ്ങനെ വന്നാലും എന്റെ മണ്ഡലത്തിൽ വികസനമുണ്ടായി യെന്ന് എനിക്ക് പറയാൻ സാധിക്കില്ല. പിന്നോക്കം നിന്നിരുന്ന ഒരു പ്രദേ ശത്ത് താമസിച്ചിരുന്ന സാധാരണക്കാരായ ജനങ്ങളുടെ ജീവിതനിലവാര ത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുന്ന ഒന്നായിണ് വികസനത്തെ ഞാൻ സ്വപ്നം കണ്ടിരുന്നത്. ആ പ്രദേശത്ത് വികസനമുണ്ടാകുമ്പോൾ, അവിടെ വർഷങ്ങളായി ജീവിച്ചുവരുന്ന സാധാരണക്കാർ അവിടെനിന്ന് തൂത്തെറി യപ്പെടുകയും സമൂഹത്തിലെ സാമ്പത്തിക ശക്തികളും സ്വാധീനശക്തി കളും അവരുടെ ബിസിനസ്സ് സാമ്രാജ്യം കെട്ടിപ്പടുക്കുന്നതിനുവേണ്ടി അവിടേയ്ക്ക് കടന്നുവരികയും ചെയ്യുമ്പോൾ അതിനെ വികസനമെന്ന പേരുചൊല്ലി വിളിക്കാൻ കഴിയുമോ? ആ വികസന സങ്കല്പങ്ങൾക്ക് മാറ്റം വരണം. എല്ലാ പ്രദേശത്തെയും ഓരോ പ്രോജക്ടുകൾക്ക് തീരു മാനം കൊടുക്കുമ്പോഴും ആ പ്രോജക്ടിന്റെ പദ്ധതിപ്രദേശത്തെ ജനങ്ങളുടെ ജീവിതനിലവാരത്തിൽ ശക്തമായ മാറ്റങ്ങൾ വരുത്താനുതകു ന്നതാണോ ആ പദ്ധതിയെന്ന് നമ്മളാലോചിക്കണം. എങ്കിൽമാത്രമേ ആ പദ്ധതിക്ക് അംഗീകാരം കൊടുക്കാൻ കഴിയുകയുള്ളൂ. ആ പ്രദേശത്തെ ജനങ്ങളെ അവിടെത്തന്നെ സംരക്ഷിക്കാൻ കഴിയുന്ന രീതിയിൽ നമ്മൾ മുന്നോട്ടുപോകണം. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി ഭൂമി മാറിയിരിക്കുകയാണ്. നമുക്ക് ലാൻഡ് പോളിസി വേണം. നമു ക്കൊരു ഭൂനയമുണ്ടാക്കാൻ എന്താണ് സാധിക്കാത്തത്? ഭൂമിക്ക് സ്വർണ്ണ ത്തേക്കാൾ വിലയാണ്. ഭൂമിയുടെ പേരിൽ അതിക്രമങ്ങളും തട്ടിപ്പുകളും നടക്കുന്നു. സർക്കാരിന്റെ ഭൂമിപോലും ആളുകൾ കവർന്നെടുക്കുന്നു. ഭൂമിയുമായി ബന്ധപ്പെട്ടാണ് എല്ലാ സ്ഥലത്തും ഗൂഢാലോചനകൾ നട ക്കുന്നത്. ഇന്ന് കേരളത്തിൽ അത്രത്തോളം വിലപിടിപ്പുള്ള ഒരു വസ്തു വായി ഭൂമി മാറിയിരിക്കുന്നു. ഭൂമിയുടെ ഒരു രാഷ്ട്രീയമുണ്ട്, അത് ജന ങ്ങളെ നെഞ്ചോട് ചേർത്തുനിർത്തുന്ന രാഷ്ട്രീയമായിരിക്കണം. ഭൂനയ ത്തിൽ ഭൂമിയുടെ രാഷ്ട്രീയം പ്രതിഫലിക്കപ്പെടണം. പാരിസ്ഥിതികമായ ആഘാതങ്ങളെക്കുറിച്ചുള്ള പഠനം നടത്താതെ ഒരു പദ്ധതിപോലും കേരള

ത്തിൽ നടപ്പിലാക്കരുത്. 'പരിസ്ഥിതിയില്ലാതെ പ്രകൃതി രമണീയതയി ല്ലാതെ ഇവിടെയെന്ത് ടൂറിസം, ഇവിടെയെന്ത് കേരളം' എന്ന് ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. ആ കേര ളത്തെ ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുകയാണെന്ന യാഥാർത്ഥ്യം നമ്മളറിയണം. ഗവൺമെന്റിന് നഷ്ടപ്പെട്ട എല്ലാ ഭൂമിയും തിരിച്ചുപിടിക്ക ണം. ഗവൺമെന്റിനും സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകൾക്കും പബ്ലിക് സെക്ടറുകൾക്കും ഭൂമിയുണ്ട്. ലാൻഡ് ബാങ്കിൽ ആ ഭൂമി മുഴു വൻ സംരക്ഷിക്കപ്പെടണം. പാട്ടക്കാലാവധി തീർന്ന ഭൂമി തിരിച്ചുപിടി ക്കണം. പാട്ടക്കരാറിന്റെ നിബന്ധനകൾ ലംഘിച്ച നിരവധി കോർപ്പറേറ്റ് സ്ഥാപനങ്ങളുണ്ട്. അവയുടെ പേരുകൾ ഞാൻ പറയുന്നില്ല. അത് പല പ്രാവശ്യം ഇവിടെ പറഞ്ഞിട്ടുള്ളതാണ്. പാട്ട നിബന്ധനകൾ ലംഘിച്ച് കീഴ്പാട്ടത്തിന് കൊടുക്കുകയും അത് മറിച്ചുവിൽക്കുകയും കോടിക്കണ ക്കിന് രൂപയുടെ മരങ്ങൾ മുറിച്ചുമാറ്റുകയും ചെയ്തിട്ട് പാട്ടക്കരാറാ ണെന്നാണ് പറയുന്നത്. പാട്ട നിബന്ധനകൾ ലംഘിക്കുന്നവരുടെ പാട്ടക്ക രാർ റദ്ദാക്കി ആ ഭൂമി തിരിച്ചുപിടിക്കണം. ഒരു തുണ്ട് വനഭൂമിപോലും നഷ്ടപ്പെടരുത്. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട അസറ്റാണ് വനഭൂമി. വരാ നിരിക്കുന്ന തലമുറയ്ക്ക് കൊടുക്കാനുള്ള ഏറ്റവും വലിയ ഗിഫ്റ്റാണ് വനഭൂമിയും സർക്കാരിന്റെ ഭൂമിയും. തോട്ടം മേഖലയിൽ 5 ശതമാനം ഭൂമി ടൂറിസത്തിനും മറ്റാവശ്യങ്ങൾക്കും കൊടുക്കാനുള്ള 2005-ലെ നിയ മഭേദഗതിക്ക് രാഷ്ട്രപതി അംഗീകാരം കൊടുത്തിരിക്കുകയാണ്. ഇത് വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. ഗവൺമെന്റിന്റെ ശ്രദ്ധ നഷ്ടപ്പെട്ടാൽ ദുരുപയോഗം ചെയ്യപ്പെടാനുള്ള എല്ലാ സാധ്യതകളും ആ തീരുമാനത്തിലുണ്ടെന്ന് ഞാൻ ഭയപ്പെടുന്നു. 5 ശതമാനം ഭൂമി ടൂറിസത്തിനും ഓർഗാനിക് ഫാമിംഗിനും മറ്റുകാര്യ ങ്ങൾക്കുമാണ്. പ്ലാന്റേഷനുകൾ മുഴുവൻ നഷ്ടത്തിലായ സാഹചര്യത്തി ലാണ് അങ്ങനെയൊരു തീരുമാനമെടുത്തത്. ഭൂപരിഷ്കരണ നിയമം

അനുസരിച്ച് 15 ഏക്കർ വരെ സ്ഥലത്തിന് സീലിംഗുണ്ട്. ഈ അഡ്വാന്റേജ് തോട്ടങ്ങൾക്കുള്ളതുകൊണ്ടാണ് തോട്ടഭൂമിക്ക് പരിധി ഏർപ്പെടുത്താതിരുന്നത്. ആ ഭൂമി ഫ്രാഗ്മെന്റഡായിപ്പോയാൽ തോട്ടവിളകുണ്ടാകില്ലെന്നതുകൊണ്ടാണ് തോട്ടങ്ങൾക്ക് സീലിംഗ് ഏർപ്പെടുത്താതിരുന്നത്. ആ ആനുകൂല്യം ദുരുപയോഗപ്പെടുത്താനുള്ള സാഹചര്യം 5 ശതമാനത്തിന്റെ പേരിൽ ഉണ്ടാകരുതെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. മൂന്നാർ ഉൾപ്പെടെയുള്ള പല പ്രദേശങ്ങളിലും ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ നടക്കുന്നുണ്ട്. 5 ശതമാനം ഭൂമി കൊടുക്കാനുള്ള തീരുമാനം ആ കേസുകളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. സർക്കാരും സ്വകാര്യ ഗ്രൂപ്പുകളും സ്വകാര്യവ്യക്തികളും തമ്മിൽ നടക്കുന്ന വ്യവഹാരത്തിൽ അവർക്കനുകൂലമായ അവസ്ഥയുണ്ടാകാൻ ഈ ഭേദഗതി ഉപകാരപ്പെടരുത്. ഇത് നടപ്പിലാക്കണമെന്ന് നിർബന്ധമൊന്നുമില്ല; പക്ഷേ നടപ്പിലാക്കുകയാണെങ്കിൽ കണ്ണും ചെവിയും മനസ്സും തുറന്നുവച്ച് ആത്മാർത്ഥതയോടുകൂടി മാത്രമേ ഇത് ചെയ്യാൻ കഴിയുകയുള്ളൂ. ഇല്ലെങ്കിൽ അത് നമ്മുടെ കേസുകളെ ബാധിക്കും, പാരിസ്ഥിതികമായ പ്രശ്നങ്ങളുണ്ടാകും, ഭൂമാഫിയ വീണ്ടും ശക്തിപ്പെടും. നമ്മുടെ ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാന തത്വങ്ങൾ തകർക്കപ്പെടുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭൂമി ഏറ്റവും പ്രധാനപ്പെട്ട കാര്യമാണെന്ന് കരുതിക്കൊണ്ടുതന്നെ ഗവൺമെന്റ് തീരുമാനങ്ങളുമെടുക്കുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്. തീർച്ചയായും കേരളത്തിലെ ഭൂരഹിതരായ പാവങ്ങളെ സഹായിക്കാൻ, കേരളത്തിൽ വരാനിരിക്കുന്ന വൻ വ്യവസായ വികസന പദ്ധതികൾക്കെല്ലാം ഭൂമി വേണം. ഭൂമി വേണ്ടത് കേരളത്തിലെ ജനങ്ങൾക്കാണ്, അല്ലാതെ ഭൂ മാഫിയയ്ക്കല്ല. ഭൂമാഫിയയ്ക്ക് ഭൂമി വിട്ടുകൊടുക്കാനുള്ള എല്ലാ തീരുമാനത്തെയും പ്രതികൂലിക്കാനുള്ള തീരുമാനങ്ങളായിരിക്കും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്, അങ്ങനെയായിരിക്കണമെന്ന് മാത്രം വിനയപൂർവം

ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി പിന്താങ്ങുന്നു.

ഡോ. ടി. എം. തോമസ് ഐസക് : സർ, കേരളത്തിന്റെ ധനകാര്യ നില ഭദ്രമാക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം. എന്നാൽ ഈ നേട്ടം അംഗീകരിക്കാതെ ഈ നേട്ടത്തിന്റെ തോളിൽ കയറിയിരുന്ന് നമ്മുടെ ചെവി കടിക്കുന്നതിനാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രമിക്കുന്നത്. അദ്ദേഹത്തിന്റെ ഭരണം ആരംഭിച്ചതുതന്നെ, മുമ്പുള്ള അഞ്ച് വർഷക്കാലം മുഴുവൻ വലിയ സാമ്പത്തിക കെടുകാര്യസ്ഥതയായിരുന്നു, ധനപരമായ അരാജകത്വമായിരുന്നു, അതുവഴി കേരളം വലിയൊരു പ്രതിസന്ധിയിൽ ആയിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു ധവളപത്രം പുറപ്പെടുവിച്ചുകൊണ്ടാണ്. എന്തായിരിക്കരുത് ധവളപത്രം എന്നുള്ളതിന്റെ ഒരു ഉദാഹരണമാണത്. കഴിഞ്ഞ ഒരു വർഷക്കാലത്തെ അനുഭവങ്ങൾ ഈ വാദങ്ങളെ മുഴുവൻ പൊളിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക ഫൈനൽ അക്കൗണ്ട്സിന്റെ രേഖ ഇപ്പോൾ ഫിനാൻസ് വകുപ്പിൽ വന്നുകാണും. അങ്ങത് ഈ സഭയിൽ പറയാൻ തയ്യാറാണോ? കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ പണം ചെലവഴിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? സപ്ലിമെന്ററി ഡിമാഡ്സ് ഫോർ ഗ്രാന്റ് കൂടി കണക്കിലെടുത്താൽ പോലും അതിനേക്കാൾ കുറവായിരിക്കും. അതുകൊണ്ട് ആവശ്യത്തിനുള്ള പണം വകയിരുത്തിയിരുന്നില്ലെന്നുള്ള വാദം തെറ്റാണ്. ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ എന്തെങ്കിലും റവന്യൂ വരുമാനം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇതൊന്നുമില്ലാതെ കഴിഞ്ഞ ധനകാര്യവർഷം അവസാനിച്ചപ്പോൾ 2500 കോടി രൂപ ട്രഷറിയിൽ മിച്ചം വന്നെങ്കിൽ അത് കാണിക്കുന്നതെന്താണ്? കേരളത്തിന്റെ സാമ്പത്തിക നില പണ്ടത്തെപ്പോലെയല്ല; ഭദ്രമാണ്. സർക്കാരുകൾ മാറുന്നതനുസരിച്ച് പിറ്റേവർഷം മാറുന്ന കാര്യമല്ല ധനകാര്യം. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ നിലപാടുകളോടുള്ള നമ്മുടെ വിമർശനം

നിങ്ങൾ ഒരു വർഷംകൊണ്ട് ആകെ തകർത്തുകളഞ്ഞുവെന്നുള്ളതല്ല. കേരളത്തിന്റെ ധനകാര്യ നില എപ്പോഴും ഭദ്രമായിത്തന്നെ നന്നായി മുന്നോട്ടുപോകും. ഇനിയുള്ള കുറച്ചുകാലവുംകൂടി അങ്ങനെതന്നെ പോകും. അങ്ങ് ധനവിനിയോഗബില്ലിന്റെ മറുപടിയിൽ, കേരളത്തിന്റെ മൂലധന ചെലവ് ഗണ്യമായി ഉയർന്നിരിക്കുകയാണെന്ന് പറഞ്ഞു. ഞാൻ അങ്ങയുടെ പ്രസംഗം ഉദ്ധരിക്കുകയാണ്. '2011-12-ൽ വിവിധ ക്യാപ്പിറ്റൽ പ്രോജക്റ്റിൽ 4560 കോടി രൂപയുടെ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ വരുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇതൊരു വലിയ കാര്യമാണ്. ഇതൊരുകാലത്തും ഉണ്ടായിട്ടില്ല. 2010-11-ൽ 1.49 ശതമാനവും 2011-12-ൽ 1.8 ശതമാനവും 2012-13-ൽ 1.8 ശതമാനവുമാണ് എൽ.ഡി.എഫ്.-ന്റെ കാലത്ത് മൂലധനച്ചെലവ്. അവസാനകാലഘട്ടത്തിൽ 1.49 ശതമാനം ആയിരുന്നത് യു.ഡി.എഫ്.-ന്റെ ആദ്യവർഷത്തിൽ 1.8 ശതമാനം ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ നേടാൻ കഴിഞ്ഞു' എന്നാണ്. യാഥാർത്ഥ്യമെന്താണ്, കഴിഞ്ഞ നായനാർ സർക്കാരിന്റെ ഭരണം അവസാനിക്കുമ്പോൾ കേരളത്തിലെ മൂലധനച്ചെലവ് നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ 1.17 ശതമാനമായിരുന്നു. അത് കഴിഞ്ഞ യു.ഡി.എഫ്. ഭരണം അവസാനിച്ചപ്പോഴേയ്ക്കും 0.81 ആയി താഴ്ന്നു. 0.81-ൽ നിന്നാണ് 1.5 ആയി ഉയർന്നത്. അതിപ്പോൾ 1.8 ആയിരിക്കുന്നു. ഈ രീതിയിൽ ഉയരും. ഇനിയുള്ള വർഷങ്ങളിൽ ഉയർന്നേ പറ്റൂ. കാരണം, നമ്മുടെ സംസ്ഥാനം ഒരു ധന ഉത്തരവാദിത്വനിയമം പാസ്സാക്കിയിട്ടുണ്ട്. അതുപ്രകാരം വായ്പയെടുക്കുന്ന പണം റവന്യൂ ചെലവിന് വേണ്ടി ഉപയോഗിക്കാൻ പറ്റില്ല; മൂലധനച്ചെലവിന് ഉപയോഗിച്ചേ പറ്റൂ. അതുകൊണ്ട് നമ്മുടെ മൂലധനച്ചെലവ് ഉയർന്നില്ലെങ്കിൽ പണം ചെലവഴിക്കാൻ കഴിയാതെ ട്രഷറിയിൽ കിടക്കേണ്ടിവരും. അതുകൊണ്ട് ഒരു സംശയവും വേണ്ട, മൂന്നു-നാല് വർഷം കഴിയുമ്പോൾ കേരളത്തിലെ മൂലധനച്ചെലവ് 1.8-ൽ നിന്ന് മൂന്നു നാലുമായി

ഉയരും. ഈ ഉൾക്കാഴ്ച ഉള്ളതുകൊണ്ടാണ് 2009-2010 ധനകാര്യവർഷ ത്തിൽ 5000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം നൽകിയത്. പിന്നീടുള്ള വർഷങ്ങളിലും ഇതുപോലെ തന്നെ നിർദ്ദേശിച്ചു. അതുകൊണ്ടാണ് 2011-12 ധനകാര്യവർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ വീണ്ടും 5,000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പ്രഖ്യാപിച്ചത്. ദൗർഭാഗ്യവശാൽ അങ്ങ് ഇതെല്ലാം പിൻവലിച്ചു. അതുകൊണ്ട് നമ്മുടെ വിമർശനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ കേരളം നിൽക്കു ന്നുവെന്നതല്ല. കേരളത്തിന്റെ ഇന്നത്തെ വികസന സാദ്ധ്യതകൾ മനസ്സിലാ ക്കിക്കൊണ്ട് ഇടപെടുന്നതിന് അങ്ങേയ്ക്ക് കഴിയുന്നില്ലെന്നുള്ളതാണ്. കേരളസർക്കാരിന് കേന്ദ്രം അനുവദിക്കുന്ന വായ്പ ചെലവാക്കുന്നില്ല. ഏതെല്ലാം രീതിയിൽ നമുക്ക് പരോക്ഷമായി വിഭവങ്ങൾ സമാഹരിക്കാൻ പറ്റുമോ, അങ്ങനെയെല്ലാം സമാഹരിച്ച് നമ്മൾ മുതൽമുടക്കേണ്ടത് അത്യ ന്താപേക്ഷിതമായി മാറിയിരിക്കുന്നു. കാരണം, കേരളം കടക്കെണി യിലൊന്നുമല്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രതിപക്ഷത്തിരുന്ന പ്പോഴും ഭരണത്തിലേറിയ ആദ്യവർഷവും പറഞ്ഞുനടന്നതുപോലെ കേര ളം ഒരു കടക്കെണിയിലുമല്ല. അങ്ങ് ഈ സഭയിൽ ധനവിനിയോഗ ബില്ലിന്റെ മറുപടിയായി പറഞ്ഞത് ഞാൻ വീണ്ടും ഉദ്ധരിക്കുകയാണ്. 'ജി. ഡി.പി. യുമായുള്ള ഡെബ്റ്റ് റേഷ്യോ പരിശോധിച്ചാൽ 2006-07-ൽ 32 ശതമാനമയിരുന്നു. 2007-08-ൽ 32 ശതമാനവും 2008-09-ൽ 31 ശതമാ നവും 2009-10-ൽ 31 ശതമാനവും ഈ സർക്കാർ അധികാരമേൽക്കുന്ന തിന് മുമ്പ് 2010-11-ൽ 28 ശതമാനവും ആയിരുന്നത് കഴിഞ്ഞ വർഷം 27 ശതമാനമായി കുറച്ചു. ഇക്കൊല്ലം 25 ശതമാനമായി കുറയ്ക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്' എന്നാണ്. ഈ സഭയിൽ അവതരിപ്പിച്ച ഇട ക്കാല ധനകാര്യ പരിപ്രേക്ഷ്യ രേഖപ്രകാരം 2014-15 ആകുമ്പോൾ 25 അല്ല, 22 ശതമാനമായി കുറയും. ഒരു കാര്യം കൂടി പറയട്ടെ, യു.ഡി.എഫ്.

ഭരിച്ചിരുന്ന 2003–04-ൽ ആയിരുന്നു ഏറ്റവും ഉയർന്ന ഡെബ്റ്റ് ജി.ഡി.പി. റേഷ്യോ ആയ 38.7 ശതമാനം. ഈ 38.7 ശതമാനം കുറഞ്ഞാണ് 22 ശതമാനം ആകാൻ പോകുന്നതും കേന്ദ്ര സർക്കാൻ അനുവദിക്കുന്ന മുഴുവൻ വായ്പ എടുത്താലും സംഭവിക്കാൻ പോകുന്നതും. അതുകൊണ്ട് കേരളത്തിന്റെ വികസന സാദ്ധ്യത പ്രയോജനപ്പെടുത്തണമെന്നുണ്ടെങ്കിൽ നമ്മൾ തന്റേടത്തോടെ, പരോക്ഷമായി എങ്ങനെയൊക്കെ വിഭവങ്ങൾ സമാഹരിക്കാൻ പറ്റുമോ അത് പ്രയോജനപ്പെടുത്തണം. പ്രയോജനപ്പെടുത്തുന്നില്ലെന്ന് മാത്രമല്ല, എന്നന്നേയ്ക്കുമായി അതിന്റെ സാദ്ധ്യതകൾ കൊട്ടിയടയ്ക്കുന്ന സമീപനമാണ് ധനകാര്യവകുപ്പുമന്ത്രി സ്വീകരിക്കുന്നത്. ബഡ്ജറ്റ് സമ്മേളനത്തിൽ, ബഡ്ജറ്റ് ചർച്ചാവേളയിൽ ഞാൻ ഇക്കാര്യം ഉന്നയിച്ചിരുന്നു. പക്ഷേ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അതേ നിലപാടുതന്നെ തുടരുകയാണ്. ഏറ്റവും പ്രധാനപ്പെട്ട വിമർശനം ട്രഷറി സേവിംഗ്സ് ബാങ്കിന്റെ സാദ്ധ്യതകളെ പൂർണ്ണമായും നിരാകാരിക്കുന്നതിനെയാണ്. നവീകരണം തന്നെ വേണ്ടെന്നു വയ്ക്കുകയാണ്. മാത്രമല്ല, ശമ്പളം, പെൻഷൻ ഇവയെല്ലാം സ്വകാര്യബാങ്കുകൾ വഴിയാക്കുന്നതിന്റെ ഫലമായി ഇതിൽനിന്ന് സംസ്ഥാന ഗവൺമെന്റിന് തുച്ഛമായ പലിശയ്ക്ക് കിട്ടേണ്ട ഭീമമായ തുക അങ്ങ് എന്നെന്നേക്കുമായി വേണ്ടെന്ന് വച്ചിരിക്കുകയാണ്. കഴിഞ്ഞദിവസം പൊതുമരാമത്ത് വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ വികസന പദ്ധതി അവതരിപ്പിക്കുന്നതിനുവേണ്ടി ഒരു സെമിനാർ നടത്തുകയുണ്ടായി. അവിടെ റോഡ് ഫണ്ട് ബോർഡ് ഞങ്ങളുടെ മുമ്പാകെ ഒരു പരിപാടി അവതരിപ്പിച്ചു. അവർ പറഞ്ഞത്, പതിനായിരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്താൽ 20 വർഷംകൊണ്ട് ഒരു പ്രശ്നവുമില്ലാതെ പണം കൊടുത്ത് തീർക്കാൻ കഴിയുമെന്നാണ്. കാരണം, പൊതുമരാമത്തിനുള്ള വിഹിതം അടിക്കടി കൂടിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം ആയിരം കോടി രൂപ കൂടുതൽ കൊടുത്തു. ഇങ്ങനെ കൂടുതൽ കിട്ടിക്കൊണ്ടിരുന്നാൽ പതിനായിരം കോടി രൂപ വായ്പയെടുത്താലും ഒരു പ്രശ്നവുമില്ലാതെ

തിരിച്ചടയ്ക്കാൻ സാധിക്കും. പ്രതിപക്ഷം അത് സ്വാഗതം ചെയ്തുവെന്ന് മാത്രമല്ല വിമർശനവും ഉന്നയിച്ചു. എന്താണ് വിമർശനം? പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞതുപോലെതന്നെ പതിനായിരം കോടി രൂപയുടെയല്ല, നാൽപ്പതിനായിരം കോടി രൂപയുടെ റോഡ് പദ്ധതി പറഞ്ഞതാണ്. ഒറ്റ വ്യത്യാസമേയുള്ളൂ; മോട്ടോർ വാഹന വകുപ്പിൽ നിന്ന് കിട്ടുന്ന നികുതിയുടെ 50 ശതമാനം നിയമപ്രകാരം ഇവർക്ക് കൊടുക്കുമെന്ന് നിയമമുണ്ടാക്കണം. അതിന്റെ ഫലമായി ട്രഷറിക്ക് കൂടുതൽ ബാധ്യതയില്ല. കഴിഞ്ഞവർഷം ആയിരം കോടി രൂപ കൊടുത്തതല്ലേ; അതിലേയ്ക്ക് ഈ തുക വകയിരുത്തിയാൽ മതി. ഇങ്ങനെ ചെയ്താൽ ഭാവി വരുമാനം ചൂണ്ടിക്കാണിച്ചുകൊണ്ട് വായ്പയെടുത്ത് റോഡുകൾ പണിയാൻ കഴിയുമെന്നു പറയുകയുണ്ടായി. എന്തിനാണ് അത് വേണ്ടന്നുവച്ചത്? ഇ.എം.എസ്. പാർപ്പിട പദ്ധതി പ്രകാരം പഞ്ചായത്തുകൾക്ക് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുവാനുള്ള അവകാശം എടുത്തുകളഞ്ഞതിന്റെ ഫലമായി എന്തു സംഭവിച്ചു? ഐ.എ.വൈ. പദ്ധതി നിങ്ങൾ തീരുമാനിച്ച രണ്ട് ലക്ഷം രൂപപ്രകാരം നടപ്പാക്കണമെങ്കിൽ തൊള്ളായിരം കോടി രൂപ വേണം. അത്രയും പണം പ്ലാൻ ഫണ്ടിൽ നിന്ന് മാറ്റിവച്ചിട്ടുണ്ടെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന് പണമുണ്ടാകില്ല. കഴിഞ്ഞ വർഷത്തെ അരിയേഴ്സുകൂടി എടുത്തുകഴിഞ്ഞാൽ ജില്ലാ പഞ്ചായത്തിന് പണമുണ്ടാകില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിതന്നെ നിങ്ങൾ അവതാളത്തിലാക്കിയിരിക്കുകയാണ്. ഞാൻ എല്ലാത്തവണയും പറയുന്ന ഇസ്ലാമിക് ധനകാര്യസ്ഥാപനത്തിന്റെ പേരിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇസ്ലാമിക് വിൻഡോ ട്രഷറിയിൽ ആരംഭിക്കുമെന്നാണല്ലോ ആദ്യത്തെ ബഡ്ജറ്റിൽ അങ്ങ് പറഞ്ഞത്. എന്നിട്ടത് നടപ്പിലാക്കിയോ? കോൺട്രിബ്യൂട്ടറി പെൻഷനെക്കുറിച്ചും പെൻഷൻ പ്രായം ഉയർത്തുന്നതിനെക്കുറിച്ചും കഴിഞ്ഞ ദിവസം ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കുകയുണ്ടായി. അന്ന് ഞാൻ സഭയിൽ ഇല്ലായിരുന്നു. ആ ചർച്ചയിൽ അങ്ങ് പറഞ്ഞത് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്താണ്

കേരളത്തിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കിയതെന്നാണ്. രണ്ട് രീതിയിലുള്ള പെൻഷനുണ്ട്. ആദ്യത്തേത് ഡിഫൈൻ ബെനിഫിറ്റ്, അതിൽ കോൺട്രിബ്യൂഷൻ പ്രശ്നമല്ല, നിങ്ങൾക്ക് ഭാവിയിൽ എന്തെല്ലാം ആനുകൂല്യങ്ങൾ കിട്ടുമെന്ന് കൃത്യതയുണ്ട്. രണ്ടാമത്തേത് ഡിഫൈൻ കോൺട്രിബ്യൂഷൻ, എന്ത് കൊടുക്കണമെന്നുള്ള വ്യവസ്ഥയേയുള്ളൂ, എന്ത് കിട്ടുമെന്നുള്ളത് പെൻഷൻ ഫണ്ട് സമാഹരിക്കുന്ന വരുമാനത്തെ ആശ്രയിച്ചിരിക്കും. കേരളത്തിൽ എന്താണുണ്ടായത്? കാർഷിക സർവ്വകലാശാലയിൽ കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലം മുതൽ റിട്ടയർ ചെയ്ത ഒരാൾക്കും പെൻഷൻ കൊടുത്തിരുന്നില്ല. ഇവർക്കുള്ള പെൻഷൻ മാത്രം 30 കോടി രൂപ കുടിശ്ശിക വന്നു. ആ 30 കോടി രൂപ കൊടുത്തു. കേരളത്തിലെ സർവ്വകലാശാലകൾക്ക് 100 കോടി രൂപ ബഡ്ജറ്റിൽ കൊടുത്തുവെന്ന് പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പെൻഷൻ ഫണ്ട് രൂപീകരിക്കണം. എന്നിട്ട് അവർക്ക് കിട്ടുന്ന ഗ്രാന്റിൽ നിന്ന് 10 ശതമാനം തുകയെങ്കിലും ഈ പെൻഷൻ ഫണ്ടിലേയ്ക്ക് നൽകണമെന്നാണ് പറഞ്ഞത്; അല്ലാതെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പിടിച്ച് കൊടുക്കണമെന്നല്ല. സർവ്വകലാശാലകൾക്ക് കിട്ടുന്ന ഗ്രാന്റിൽ നിന്ന് തുക നീക്കിവയ്ക്കണം. അതിലേയ്ക്ക് സർക്കാരിന്റെ കോൺട്രിബ്യൂഷൻ നൽകുമ്പോൾ ശമ്പളപരിഷ്ക്കരണ കമ്മീഷൻ പറഞ്ഞ ആനുകൂല്യം കിട്ടും. എവിടെയാണ് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി? ശ്രീ. മഞ്ഞളാംകുഴി അലി അവിടെയുണ്ട്. മുനിസിപ്പാലിറ്റികളിൽ എങ്ങനെയാണ് പെൻഷൻ കൊടുക്കുന്നത്. ശ്രീ. മഞ്ഞളാംകുഴി അലി പറയട്ടെ! പെൻഷൻ ഫണ്ടിൽ നിന്നല്ലേ കൊടുക്കുന്നത്? അതിന് ഓരോ കോർപ്പറേഷനും മുനിസിപ്പാലിറ്റിയും നിശ്ചിതവിഹിതം തരും. പണം തികയാതെ വന്നാൽ സർക്കാർ കൊടുക്കും. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി സർക്കാർ പണം കൊടുക്കാത്തതുകൊണ്ട് പ്രതിസന്ധിയും വന്നു. അത് കോൺട്രിബ്യൂട്ടറി പെൻഷനാണോ? നിയമസഭയിൽ ഒരു കാര്യം

പറയുമ്പോൾ അത് വസുതാതാപരമായി മാറും. ഇപ്പോൾ പെൻഷൻപ്രായം ഉയർത്തുന്ന കാര്യത്തക്കുറിച്ച് പറഞ്ഞു. റിട്ടയർമെന്റ് തീയതി ഏകീകരിച്ചത് ഞങ്ങൾ ചെയ്തതെന്നാണ് പറയുന്നത്. എത്രയോ നാളായി ഏകീകരിച്ച തീയതിയിലാണ് അധ്യാപകരുടെ റിട്ടയർമെന്റ് നടക്കുന്നത്. ഭരണപരമായ സൗകര്യം നോക്കിയാണ് ബാക്കിയുള്ളവർക്കു കൂടി അങ്ങനെയാക്കിയത്. പെൻഷൻപ്രായം ഉയർത്താനുള്ള ഉപായമായിരുന്നെങ്കിൽ ഇത് കൊണ്ടുവന്ന ശേഷം രണ്ടുവർഷംകൂടി ഉണ്ടായിരുന്നല്ലോ; എന്നിട്ട് ഞങ്ങൾ പെൻഷൻ പ്രായം ഉയർത്തിയോ? നിങ്ങൾ 56 ആയി ഉയർത്തിയപ്പോൾ പറഞ്ഞത്, ഞങ്ങളിനി പെൻഷൻ പ്രായം ഉയർത്തില്ല, റിട്ടയർമെന്റ് തീയതി ഏകീകരിച്ചതുമൂലമുള്ള പ്രശ്നം പരിഹരിക്കാൻ വേണ്ടി ചെയ്തതാണെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നിലപാട് വളരെ വ്യക്തമാണ്. ഞങ്ങൾ ഇക്കാര്യത്തിൽ ഒരു അക്കാഡമിക് ഡിസ്കഷനും വച്ചില്ല, ഒരു സംഘടനയേയും വിളിച്ച് ചർച്ച ചെയ്തിട്ടുമില്ല. കേരളത്തിൽ പെൻഷൻപ്രായം ഉയർത്തില്ല എന്നുള്ള നിലപാട് പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി 60 വയസ് പ്രഖ്യാപിച്ചത് എന്തിനാണെന്ന് ഞങ്ങൾക്കറിയാം. 58 വയസ്സായി ഉയർത്താനുള്ള പരിപാടിയുടെ ഭാഗമാണ്. നിങ്ങൾ 56 വയസാക്കി ഉയർത്തിയപ്പോൾ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഡോ. ടി. എം. തോമസ് ഐസക്, നിങ്ങൾ ദേശീയ പാർട്ടിയുടെ ഭാഗമാണ്. അങ്ങ് മാർക്സിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി അംഗവുമാണ്. മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന ബംഗാളിലും ത്രിപുരയിലും പെൻഷൻ പ്രായം 60 വയസ്സാണ്. ബംഗാളിൽ മാർക്സിസ്റ്റ് പാർട്ടി ഭരിച്ചിരുന്നപ്പോഴാണ് ഏറ്റവും ഒടുവിൽ, ഫെബ്രുവരി മാസത്തിൽ പെൻഷൻ പ്രായം വർദ്ധിപ്പിച്ചത്. കേരളത്തിൽ മാത്രം പെൻഷൻ പ്രായം 55 ആയി

നിറുത്തണമെന്നാണ് നിങ്ങൾ ആവശ്യപ്പെടുന്നത്. ഇതിന്റെ ന്യായമെന്താണ്? ഒരു ദേശീയ പാർട്ടിക്ക് മറ്റൊരു സ്റ്റേറ്റിൽ 60 വയസ്സും കേരളത്തിൽ 55 വയസ്സുമായി നിറുത്തണമെന്ന് പറയുന്ന നിലപാട് ശരിയാണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ദേശീയ പാർട്ടിയായ കോൺഗ്രസ് ഭരിക്കുന്ന എല്ലാ സംസ്ഥാനത്തും ഒരേ പ്രായമാണോ നില നിൽക്കുന്നത്? അല്ലല്ലോ. കോൺഗ്രസ് മുമ്പും കേരളം ഭരിച്ചിട്ടുണ്ടല്ലോ. നിങ്ങൾ ദേശീയനയത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പ്രായം 58 ആക്കാൻ തീരുമാനിച്ചോ? ഇല്ല. എന്നാൽ ഇപ്പോഴത്തെ കോൺഗ്രസ് അൽപ്പം വ്യത്യാസമാണ്. കേരളത്തിൽ കോൺഗ്രസിന്റെ നിലപാട് മാറിയിട്ടുണ്ട്; അതിനെ കേരളത്തിലെ യുവജന സംഘടനകൾ എതിർക്കുകയാണ്. അത് ഞങ്ങളുടെ ചെലവിൽ ചെയ്യാനുള്ള ശ്രമം വേണ്ട. മൂന്നാമതൊരുകാര്യം പറയാനുള്ളത്, നെൽവയൽ നികത്തൽ നിയമത്തെക്കുറിച്ചാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഈ നിയമം പാസ്സാക്കിക്കഴിഞ്ഞപ്പോൾ, നിയമം വരുന്നതിനുമുമ്പുള്ള വളരെ പിന്നിലേയ്ക്കുള്ള കാലത്തേയ്ക്ക് പോയി. പതിറ്റാണ്ടുകൾക്ക് മുമ്പ് നികത്തിയ നിലങ്ങൾപോലും കരഭൂമിയായിട്ടല്ല റെക്കോഡുകളിൽ കിടക്കുന്നത്, വയലായിട്ടാണ്. ഇത് റെഗുലറൈസ് ചെയ്യുന്ന സ്കീം പറഞ്ഞത് ഞാൻ തന്നെയാണ്. എന്നാൽ ഇത് ഞങ്ങൾ നടപ്പാക്കാൻ പോയപ്പോൾ രണ്ട് കാര്യങ്ങളാണ് കണ്ടത്. ഒന്ന്, ഇത് നടപ്പാക്കുന്നതിനുമുമ്പ് ഡാറ്റാ ബാങ്ക് തയ്യാറാക്കണം. ഓരോ തുണ്ട് ഭൂമിയുടേയും ഇപ്പോഴത്തെ സ്റ്റാറ്റസ് എന്താണ്, എന്നാണ് ഈ സ്റ്റാറ്റസിലായത് എന്നതിന് കൃത്യമായ ഡാറ്റാ ബാങ്ക് വേണം. രണ്ട്, ഡാറ്റാ ബാങ്ക് ഉണ്ടാക്കിയാൽപ്പോലും നിയമം നടപ്പാക്കിയതിന് തൊട്ടടുത്ത വർഷം മാത്രമാണെങ്കിൽപ്പോലും എന്തെങ്കിലും തിരിമറി ഉണ്ടായലോ എന്നുള്ളതുകൊണ്ട് ഞങ്ങൾ ചർച്ച ചെയ്തിരുന്നത് 10 വർഷം മുമ്പുള്ള ഭൂമി റെഗുലറൈസ്

ചെയ്യാം, ബാക്കിയുള്ളത് പരിശോധനയ്ക്ക് വയ്ക്കാമെന്നാണ്. അതുകൊണ്ടാണ് 2008-2009-ൽ പ്രഖ്യാപിച്ചെങ്കിലും ആ നടപടി നടപ്പാകാതെ പോയത്. ഡാറ്റാ ബാങ്ക് തയ്യാറാക്കാതെ ചെയ്യാനാകില്ല. ഇപ്പോൾ ഡാറ്റാ ബാങ്ക് തയ്യാറാക്കാതെ നിയമം പാസ്സായതിനുമുമ്പുള്ള മുഴുവൻ ഭൂമിയും റെഗുലറൈസ് ചെയ്യാമെന്ന് പറഞ്ഞാൽ...........

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പത്ത് വർഷം പിറകോട്ടുകൊണ്ടു പോകണമെന്ന് പറഞ്ഞു. എന്നാൽ ആ നിയമത്തിലെ വ്യവസ്ഥ 2008 മുതൽ നടപ്പാക്കാൻ മാത്രമാണ്. അതുകൊണ്ടാണ് കേരള ഹൈക്കോടതി 2008 എന്ന് പറഞ്ഞത്. അത് 2005 ആക്കാൻ സാധിക്കുമോ എന്ന് ഞങ്ങളൊന്ന് നോക്കി. അത്രയേയുള്ളൂ. അങ്ങ് ചെയ്തുവച്ചതുണ്ടല്ലോ, അതിന് retrospective effect കൊടുക്കാൻ സാധിക്കുമോ എന്ന് ഞങ്ങളൊന്ന് നോക്കുക മാത്രമാണ് ചെയ്തത്. ആക്ടിലെ പ്രൊവിഷനും ഹൈക്കോടതി വിധിയും 2008 എന്നാണ്. ഈ നിയമം നിലവിൽ വരുന്നതുമുതൽ എന്നാണ് ആ നിയമത്തിലെ വ്യവസ്ഥ.

ഡോ. ടി. എം. തോമസ് ഐസക്: ഈ നിയമം നടപ്പാകണമെന്നുണ്ടെങ്കിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കണം. ഡാറ്റാ ബാങ്ക് എവിടെ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) സർ, ആ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ ഒരു വർഷത്തിനകം ഡാറ്റാ ബാങ്ക് ഉണ്ടാക്കണമെന്നായിരുന്നു. എന്താ നിങ്ങൾ ഡാറ്റാ ബാങ്ക് ഉണ്ടാക്കാതിരുന്നത്?

ശ്രീ. പി. സി. ജോർജ്: എന്റെ ചോദ്യം രണ്ട് മന്ത്രിമാരും പറഞ്ഞതിന് അനുബന്ധമായി ചേർക്കുകയാണ്. ഈ നിയമം 2008 എന്ന് പറഞ്ഞ്

നിങ്ങൾ ഉണ്ടാക്കിവച്ചിട്ട് എന്തുകൊണ്ട് 2010-ൽ ആറന്മുള വിമാനത്താവള ത്തിന് നിലം നികത്താൻ നിങ്ങൾ ഓർഡർ കൊടുത്തു?

ഡോ: ടി. എം. തോമസ് ഐസക്: ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ ചോദിച്ചത് ഡാറ്റാ ബാങ്ക് ഒരു വർഷത്തിനിടയിൽ തയ്യാറാക്കേണ്ട തല്ലേ, എന്തുകൊണ്ട് തയ്യാറാക്കിയില്ലായെന്നാണ്. ഡാറ്റാ ബാങ്ക് തയ്യാറാ കാത്തതുകൊണ്ടാണ് ഈ റെഗുലറൈസേഷൻ പരിപാടി പ്രഖ്യാപിച്ച് നട പ്പാക്കാ തിരുന്നത്. ഇപ്പോൾ നിങ്ങൾ ഡാറ്റാ ബാങ്ക് തയ്യാറാക്കാതെ നിയമമുണ്ടാക്കിയ ദിവസം മുതൽ ഇതിന് പ്രാബല്യം നൽകുന്നതി ലേയ്ക്ക് നീങ്ങുകയാണ്. ഇതിന്റെ ഫലമായി ഇന്ന് നികത്തുന്ന ഭൂമിയും 2005-ൽ നികത്തിയതാണെന്ന് പറഞ്ഞ് റെഗുലറൈസ് ചെയ്യുന്നതിനു വേണ്ടി വയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതിനുവേണ്ടിയുള്ള വലിയൊരു ഗൂഢാലോചന നടക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ): സർ, അങ്ങയുടെ 2009-ലെ ബഡ്ജറ്റ് പ്രസംഗം ഉണ്ട്. ബഡ് ജറ്റ് പ്രസംഗത്തിന്റെ കോപ്പി ഇപ്പോൾ ഞാൻ കൊണ്ടുവന്നിട്ടില്ല. അങ്ങേയ്ക്ക് എന്നെക്കാൾ നന്നായി അറിയാം. തൊട്ടടുത്ത വർഷത്തെ ബഡ്ജറ്റ് പ്രസംഗവും ഉണ്ട്. ഈ രണ്ട് ബഡ്ജറ്റ് പ്രസംഗങ്ങളിലും പറയു ന്നു, 2008 വരെയുള്ള നികത്തലിനെ ന്യായീകരിക്കുകയും ലീഗലൈസ് ചെയ്യുകയും അതിൽ നിന്ന് 300 കോടി രൂപ വരുമാനം ഉണ്ടാവുകയും ചെയ്യും എന്ന്. ബഡ്ജറ്റ് പ്രസംഗം ബഡ്ജറ്റിന്റെ ഭാഗമാണല്ലോ, അത് ഗവൺമെന്റിന്റെ പോളിസിയല്ലേ? അത് ക്യാബിനറ്റിനകത്ത് ഏറെക്കുറെ ഡിസ്ക്കസ് ചെയ്തിട്ടുണ്ടാവില്ലേ? ഈ കേസ്സിനകത്ത് ഏറ്റവും പ്രബല മായ ഭാഗം പിടിച്ച അങ്ങ്, അങ്ങയുടെ ഇന്നത്തെ വാദഗതിക്ക് എന്തെങ്കി ലുമർത്ഥമുണ്ടോ?

ഡോ. ടി.എം. തോമസ് ഐസക്ക്: സർ, 2008-09 ലെ ബഡ്ജറ്റിൽ പറഞ്ഞിട്ടും നടപ്പാക്കിയില്ലല്ലോ? നടപ്പാക്കാത്തതിന് കാരണം ഭൂമിയുടെ സ്റ്റാറ്റസ് അനുസരിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കാതെ ഇത് നടപ്പാക്കാൻ കഴിയില്ല. അതുകൊണ്ട് നടപ്പാക്കിയില്ല. എന്നാൽ നിങ്ങളിന്ന് അതൊന്നും ചെയ്യാതെ നടപ്പാക്കാൻ നീങ്ങുകയാണെന്നതാണ് ഞങ്ങളുടെ ആരോപണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അങ്ങ് പറഞ്ഞത് 2008-ലെ ഡാറ്റാ ബാങ്ക് വരാത്തതുകൊണ്ട് നടപ്പാക്കാത്തതെന്നാണ്. അതിന്റെ യാഥാർത്ഥ്യം, ഡാറ്റാ ബാങ്ക് വന്നില്ല. നിയമം നിലവിൽ വന്നു. ഈ നിയമത്തോടുകൂടി ലാന്റ് യൂട്ടിലൈസേഷൻ റൂൾ റിപ്പീൽ ചെയ്തു പോയി. അതിന് ശേഷമാണ് കേരളത്തിൽ വ്യാപകമായി നികത്തൽ ഉണ്ടായത്. അതിന്റെ സൗകര്യത്തിനല്ലേ ഡാറ്റാ ബാങ്ക് ഉണ്ടാക്കാതെ പോയത്.

ഡോ. ടി.എം. തോമസ് ഐസക്ക്: സർ, ഇവിടെ ഞാൻ വന്നപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശൻ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ മുഴുവൻ ഞാൻ റിപ്പീറ്റ് ചെയ്യുന്നില്ല. കേരളത്തിലെ ഭൂമിയുമായി ബന്ധപ്പെട്ട് നടക്കുന്ന വലിയ തിരിമറികളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. എസ്റ്റേറ്റ് അഞ്ചു ശതമാനം കണ്ണൻ ദേവന്, ടൂറിസത്തിന് വേണ്ടി എത്രയായിരം ഏക്കർ ഭൂമിയാണ് കിട്ടുന്നത്. എന്തു കാര്യം വച്ചാണ് നമ്മുക്കതിനെ ന്യായീകരിക്കാൻ കഴിയുന്നത്. അവിടം മുതൽക്ക് പാട്ടത്തിന് കിട്ടിയ എസ്റ്റേറ്റ് തുണ്ടമായി മറിച്ച് വിൽക്കുന്നതിനെ ന്യായീകരിക്കുകയാണ്. കേസ്സുകൾ തോറ്റു കൊടുക്കുകയാണ്. നിലനിൽക്കുന്ന കേസ്സുകൾ മുഴുവൻ തോറ്റു കൊടുക്കുമെന്ന് ഉറപ്പ് വരുത്താൻ സ്വകാര്യ വനഭൂമിയുമായി ബന്ധപ്പെട്ടല്ലേ നിയമം കൊണ്ടു വന്നത്. അത് തിരിച്ചു പിടിക്കാൻ വേണ്ടിയല്ലേ? ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന നിയമം അനുസരിച്ച് ആ ഭൂമിയിൽ 150 കശുമാവുണ്ടെങ്കിൽ ആ കശുമാവ് വച്ചിട്ട് അത് ഭൂപരിധിക്ക് പുറത്ത് പോവുകയല്ലേ?

ശ്രീ. വി. ഡി. സതീശനോട് എനിക്ക് പറയാനുള്ളത് നിങ്ങൾ പറഞ്ഞ കാര്യങ്ങളോട് യോജിപ്പാണ്. ഇക്കാര്യത്തിൽ യു.ഡി.എഫിൽ വ്യത്യസ്ത നിലപാടുണ്ട്. നമുക്കൊരുമിച്ച്, യോജിക്കാവുന്നവർക്ക് യോജിച്ച് നിന്ന് ഇക്കാര്യത്തിൽ ഒരു ഉറച്ച നിലപാട് സ്വീകരിക്കാൻ തയ്യാറുണ്ടോ എന്ന താണ് ചോദ്യം. എതിർപ്പുണ്ടാവും. ശ്രീ. ജോർജ് നിങ്ങളും.............ഞാൻ ഇവിടെ ഉണ്ടായിരുന്നില്ല, അന്നത്തെ പത്രങ്ങൾ നോക്കിയപ്പോൾ കണ്ടകാര്യങ്ങൾ ഗംഭീരമായിരുന്നു. എന്നിട്ട് ഞങ്ങൾക്ക് എതിർപ്പില്ലെന്ന് പറഞ്ഞാലോ?

ശ്രീ. പി.സി. ജോർജ്: സർ, ന്യായമായ കാര്യങ്ങൾ പറയുക. കർഷ കരെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ഒരഭിപ്രായമുണ്ട്. കണ്ണൻ ദേവൻ ഹിൽസിൽ 74,000 ഏക്കർ ഭൂമി ഗവൺമെന്റ് ഏറ്റെടുത്തു. സുപ്രീം കോടതിയുടെ തീരുമാന പ്രകാരം അയ്യായിരം ഏക്കർ ഭൂമി പാവപ്പെട്ട കൃഷിക്കാരനും ആദിവാസികൾക്കും ഒരേക്കർ, അര ഏക്കർ വീതം കൊടുക്കാൻ പറഞ്ഞു. അഞ്ചു കൊല്ലം ഡോ. തോമസ് ഐസക് ഭരിച്ചു കൊണ്ടിരുന്നില്ലേ? കൊടുത്തോ? വെറും 164 ആദിവാസികൾക്കേ കൊടു ത്തിട്ടുള്ളൂ. അതു മുഴുവൻ ഇപ്പോഴും കിടക്കുകയാണ്. അത് വൻകിടക്കാ രാണെന്ന് പറഞ്ഞിട്ട് ന്യായമുണ്ടോ ലാന്റ്ലെസ്സായുള്ള പാവപ്പെട്ടവർക്ക് ഒരേക്കർ ഭൂമി കൊടുക്കണമെന്ന് പറഞ്ഞാൽ അവർ എങ്ങനെ വൻകിട ക്കാരാകും?

ഡോ. ടി. എം. തോമസ് ഐസക്ക്: സർ, ഞാൻ ഇതിന് മറുപടി പറ യുന്നില്ല. ഞാൻ പറയുന്നത് ശ്രീ. വി. ഡി. സതീശനോടാണ്. ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞ കാര്യങ്ങളോട് ഞങ്ങൾക്ക് യോജിപ്പാണ്. അതിനോട് യോജിപ്പില്ലാത്ത ഒട്ടേറെപ്പേർ ശ്രീ. പി.സി. ജോർജടക്കമുള്ള വർ അപ്പുറത്തുണ്ടെന്നറിയാം. ഇക്കാര്യത്തിൽ ഇങ്ങനെയുള്ള നിലപാടെ ടുക്കുന്ന ശ്രീ. പി.സി. ജോർജിനെ പോലുള്ളവരെ നയരൂപീകരണത്തിൽ നിന്ന് മാറ്റി നിർത്തുന്നതിന് വേണ്ടി ഒരുമിച്ച് നിൽക്കാൻ തയ്യാറുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, ഇത് തെറ്റാണ്. യു.ഡി.എഫ് ഗവൺമെന്റ് നയം പ്രഖ്യാപിച്ചിട്ടുണ്ട്. ലീസ് പിരീഡ് കഴിഞ്ഞത്, ലീസ് എഗ്രിമെന്റ് വയലേറ്റ് ചെയ്തത് അങ്ങനെയുള്ള ഭൂമികൾ ഏറ്റെടുക്കണമെന്നാണ് യു.ഡി.എഫിന്റെ തീരുമാനം. അതിന് പി.സി. ജോർജിന് എതിരഭിപ്രായമില്ല. പി.സി. ജോർജിന്റെ പേര് അക്കാര്യത്തിൽ ശ്രീ. തോമസ് ഐസക് ഉപയോഗിക്കണ്ട. പക്ഷെ ലീസ് പിരീഡ് കഴിയാത്തതും ലീസ് ഫോർ എവറുമായിട്ടുള്ള ഭൂമി, റവന്യൂ ഭൂമി ഏറ്റെടുക്കണമെങ്കിൽ അതിന് ചില ചർച്ചകൾ വേണമെന്നുള്ള അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്. അത് വൻകിടക്കാർക്ക് വേണ്ടിയല്ല. ഞാൻ ആകെ കൊടുത്ത നിവേദനം 278 ഏക്കർ ഭൂമി 40 പാവപ്പെട്ട കൃഷിക്കാരന്റെ കൈയിലിരിക്കുന്നതാണെന്നതു കൂടി ഡോ. തോമസ് ഐസക് മനസ്സിലാക്കണം.

ഡോ. ടി. എം. തോമസ് ഐസക്ക്: സർ ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രി അതിന് മറുപടി പറഞ്ഞിട്ടുണ്ട്. എന്നെക്കൊണ്ട് എന്തിനാണ് പറയിപ്പിക്കുന്നത്. ഇവിടെ ഒരുപാട് രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഇപ്പോൾ ഒരു മതത്തിന്റെ മറവിൽ സാധാരണഗതിയിൽ നാലും അഞ്ചും വർഷം കൊണ്ട് ചെയ്യേണ്ട കാര്യങ്ങൾ പലതും തകൃതിയായി ചെയ്തുകൊണ്ടിരിക്കുകയാണ്. മാതൃഭൂമി പത്രം, ഞങ്ങളോടു വലിയ സ്നേഹമുള്ള പത്രമല്ലല്ലോ, മാതൃഭൂമി പത്രത്തിൽ, ശ്രീ. ഇന്ദ്രന്റെ ഒരു ലേഖനം വന്നിരുന്നു. 'ഇത് തന്നെ തഞ്ചം' 'ഇതിന്റെ മറവിൽ'. ഇത് തന്നെ തഞ്ചം എന്ന് കരുതി ഓരോ ഓരോ കാര്യങ്ങൾ ചെയ്യുന്നു എന്ന്. പുതിയ സ്കൂൾ, കോളേജ് അനുവദിക്കൽ, വിദ്യാഭ്യാസ നിയമം വരികയാണ്. ആ വിദ്യാഭ്യാസ നിയമത്തിൽ....... . .ഏത് മേഖലയെടുത്താലും........... ഇപ്പോൾ ഡി.എം.ആർ.സി, കൊച്ചി മെട്രോയ്ക്ക് ഇത്ര തർക്കം നടന്നിട്ടും കരാറുറപ്പിക്കുന്നതടക്കമുള്ളത് ഡി.എം.ആർ.സി. ക്ക് ആയിരിക്കുമെന്നു

ളളത് മലയാളത്തിൽ പറയാൻ ആർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ? ശ്രീധ രൻ തന്നെ........ശ്രീധരൻ ഇല്ലെങ്കിൽ ഇല്ല....

ശ്രീ. ആര്യാടൻ മുഹമ്മദ്: ആ വകുപ്പിന്റെ മന്ത്രി ഞാനാണ്. ഞങ്ങ ളുടെ ക്യാബിനറ്റ് തീരുമാനിച്ചു അത് ഡി.എം.ആർ.സിക്ക് തന്നെ ടേൺകീ അടിസ്ഥാനത്തിൽ നൽകാൻ, ശ്രീ. ശ്രീധരന്റെ സപ്പോർട്ട് പൂർണ്ണമായി ഏറ്റെടുക്കാൻ തീരുമാനിച്ചു. അങ്ങ് ഇങ്ങനെ പറഞ്ഞാലോ.

ഡോ. ടി. എം. തോമസ് ഐസക്ക്: ഞാനിപ്പോൾ അതിന്റെ വിശദാം ശങ്ങൾ ഓരോന്നിലേയ്ക്കും കടക്കുന്നില്ല. എന്തിനാണ് വെറ്ററിനറി യൂണി വേഴ്സിറ്റിക്ക് ബി.എസ്.എൻ.എൽ- ന്റെ നിർമ്മാണ വിഭാഗം പണി നടപ്പാ ക്കാൻ കരാറുറപ്പിച്ചിരുന്നത് റദ്ദാക്കിയത്? 160 കോടി രൂപയാണ് കേന്ദ്ര സർക്കാർ തരുന്നത്. വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് കിട്ടുന്ന ഈ പണ ത്തിൽ, പൊതുമേഖലാ സ്ഥാപനം ആണല്ലോ, നന്നായി പണിയുന്നവരാ ണല്ലോ അവരുമായി വച്ചിരുന്ന കരാർ വേണ്ടെന്നു വച്ചിട്ട് അതിനെക്കാൾ കൂടുതൽ വിലയ്ക്ക് ടെൻഡർ എക്സസും കൂടി നൽകിക്കൊണ്ട് ചെയ്യാൻ എടുത്ത തീരുമാനം എന്തിന് വേണ്ടിയാണ്? ഇങ്ങനെയുള്ള ഒരു പാട് കാര്യങ്ങൾ തഞ്ചം ഇതു തന്നെ എന്ന നിലയ്ക്ക് ചെയ്യുന്നുണ്ട്. . നിയമസഭയിൽ മാത്രമല്ല നിയമസഭക്ക് പുറത്തും ഞങ്ങൾ ഈ നയ ങ്ങൾക്കെതിരായി ശക്തമായ നിലപാടു സ്വീകരിച്ചുകൊണ്ട് സമരത്തി ലേയ്ക്ക് നീങ്ങാൻ പോവുകയാണ് എന്നാണ് ഈ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റിനെ എതിർത്തുകൊണ്ട് എനിക്ക് പറയാനുള്ളത്.